20

# "ദൂര ദേശത്തേക്ക്"

## 1 ശമുവേൽ 27- 2 ശമുവേൽ 2

ലോകത്തിൽ ഏറ്റവും - നന്നായി അറിയപ്പെടുന്ന ചെറുകഥ തുടങ്ങുന്നതു ഈ വാക്കുകളാലാണ്:

> "ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു; അവരിൽ ഇളയവൻ അപ്പനോടു, 'അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്ക് തരേണമേ എന്നു പറഞ്ഞു.' അവൻ അവർക്കു മുതൽ പകുത്തു കൊടുത്തു. ഏറെ നാൾ കഴിയും മുമ്പെ, ഇളയമകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്കു യാത്രയായി അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു, വസ്തു നാനാവിധ മാക്കിക്കളഞ്ഞു. എല്ലാം ചെലവഴിച്ചശേഷം, ആ ദേശത്തു കഠിനക്ഷാമമു ണ്ടായിട്ടു, അവനു മുട്ടു വന്നുതുടങ്ങി. അവൻ ആ ദേശത്തിലെ പൌരന്മാ രിൽ ഒരുത്തനെ ചെന്നു ആശ്രയിച്ചു, അവൻ അവനെ തന്റെ വയലിൽ പന്നികളെ മേയിപ്പാൻ അയച്ചു. പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറപ്പാൻ അവൻ ആഗ്രഹിച്ചു എങ്കിലും, ആരും അവനു കൊടുത്തില്ല" (ലൂക്കൊസ് 15:11-16).

ഈ ചെറുപ്പക്കാരൻ എന്തിനാണ് വീടു വിട്ടു പോയത്? ഒരുപക്ഷെ അവനു തന്റെ അപ്പന്റെ കർശന നിബന്ധനകൾ ഇഷ്ടപ്പെടുന്നില്ലായിരിക്കാം. ഒരുപക്ഷെ അവനു തന്റെ ജോലിയിലും ഉത്തരവാദിത്വത്തിലും മടുപ്പു തോന്നിയിരിക്കാം. അല്ലെങ്കിൽ ലോകമൊക്കെ ഒന്നു കണ്ടുകളയാമെന്നു വിചാരിച്ചിരിക്കാം. കാരണം എന്തായാലും, അവൻ ദൂരദേശത്തേക്കു പോകുകയും, അനന്തര ഫലം ശോചനീയമാകുകയും ചെയ്തു.

ഈ സുപരിചിതമായ സംഭവത്തെക്കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ, മുടി യനായ പുത്രന്റെ മാതൃക പിന്തുടർന്ന ആയിരക്കണക്കിനു യുവാക്കളെ എനിക്കു ഓർമ്മ വരുന്നു. തങ്ങളുടെ ജീവിതത്തിൽ എന്തൊക്കെയോ നഷ്ട മാകുന്നു എന്ന ചിന്തയാൽ, പാപമെന്ന ദൂരദേശത്തേക്കു പോകുന്ന, ദൈവഭ ക്തരായ മാതാപിതാക്കളാൽ വളർത്തപ്പെട്ട, യുവതീയുവാക്കളെ എനിക്ക് ഓർമ്മ വരുന്നു. തങ്ങളുടെ ഭവനങ്ങൾ കർശന നിയന്ത്രണങ്ങളുടെ തടവറ യെന്നു കരുതി, വീടു വിട്ട് ഓടി പോയി മാതാപിതാക്കൾക്ക് വേദന നല്കുന്ന ആയിരക്കണക്കിന് യുവാക്കളെ എനിക്കു ഓർമ്മ വരുന്നു. ജീവിതത്തിലെ വേദന മറക്കുവാൻ മയക്കുമരുന്നിലും മദ്യത്തിലും ആശ്രയിക്കുന്നവരെ കുറിച്ച് ഞാൻ ഓർക്കുന്നു.

തീർച്ചയായും, യുവാക്കൾ മാത്രമല്ല ദൂരദേശത്തേക്കു ഓടിപോകുവാൻ ശ്രമിക്കുന്നത്. തങ്ങളുടെ വിവാഹജീവിതത്തിൽ വഞ്ചിക്കപ്പെട്ടതായി തോന്നുന്ന ഭർത്താക്കന്മാർ പങ്കാളിയെ ഉപേക്ഷിക്കുകയും ജീവിതം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപ്പന്മാരും അമ്മമാരും തങ്ങളുടെ രക്ഷകർത്താവെന്ന ഉത്തര വാദിത്വം നിറവേറ്റുവാനാകാതെ തങ്ങളുടെ കുടുംബത്തെ ഉപേക്ഷിച്ചു പോയിട്ടു ണ്ട്. ക്രിസ്ത്യാനികൾ ഒരു പ്രഭാതത്തിലുണർന്നു "ജീവിതത്തിലെ എല്ലാം സുഖവും പോയല്ലൊ" എന്നു കരുതി ലൗകികജീവിതത്തിലേക്കു പോകുന്ന തു കാണുമ്പോൾ നാം ഞെട്ടിപ്പോകും. ഉപദേഷ്ടാക്കന്മാരും, മൂപ്പന്മാരും, ശുശ്രൂ ഷകന്മാരും അവരുടെ അഭക്തി പുറത്തു കാണിച്ച് സഭയ്ക്കു അപവാദം വരു ത്തുന്നു.

നമുക്ക് ആർക്കും പ്രതിരോധശക്തി ഇല്ല. ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളായി, നാം നന്മ ചെയ്യുന്നതിൽ "മടുത്തു പോകാനും" (ഗലാത്യർ 6:9) ആലസ്യത്തിന്റെ ദൂരദേശത്തേക്കു പോകുവാനും സാധ്യതയുണ്ട്. അനു സരണക്കേടിന്റെ ദൂരദേശത്തേക്കു പോയി തന്റെ കഴിവുകൾ നഷ്ടപ്പെടുത്തി യവരിൽ മുടിയനായ പുത്രൻ ആദ്യത്തേതുമല്ല അവസാനത്തേതുമല്ല. അതു പോലെ അനന്തരഫലം അനുഭവിച്ചവരിൽ അവൻ ആദ്യത്തേതും അവസാന ത്തേതും അല്ല.

മുടിയനായ പുത്രന്റെ സംഭവത്തെക്കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ, ദാവീദിനെ കുറിച്ചും അവന്റെ ജീവിതത്തിലുണ്ടായ, അസാധാരണവും അസ്വാ ഭാവികവുമായ സംഭവങ്ങളെ കുറിച്ചും: ഫെലിസ്ത്യരോടുകൂടെ പതിനാറു മാസം അവൻ ജീവിച്ചതു എനിക്കോർമ്മ വരുന്നു. നമ്മുടെ കഴിഞ്ഞ ലക്കത്തിൽ, നാം 1 ശമുവേൽ 26 പഠിക്കുകയുണ്ടായി, അതിൽ ദാവീദ് രണ്ടാം പ്രാവശ്യവും ശൗലിനെ കൊല്ലാതെ വിടുന്നുണ്ട്. അദ്ധ്യായം 27 തുടങ്ങുന്നത്,

> അനന്തരം ദാവീദ് മനസിൽ നിശ്ചയിച്ചു, "ഞാൻ ഒരു ദിവസം ശൗലിന്റെ കയ്യാൽ നശിക്കേയുള്ളൂ. ഫെലിസ്ത്യരുടെ ദേശത്തിലേക്കു ഓടിപ്പോകയല്ലാതെ എനിക്കു വേറെ നിവൃത്തിയില്ല. ശൗൽ അപ്പോൾ യിസ്രായേൽ ദേശത്തൊക്കെയും എന്നെ അന്വേഷിക്കുന്നതു മതിയാ ക്കും, ഞാൻ അവന്റെ കയ്യിൽനിന്നു ഒഴിഞ്ഞുപോകും." അങ്ങനെ ദാവീദു പുറപ്പെട്ടു, താനും കൂടെയുള്ള അറുനൂറു പേരും, ഗത്ത് രാജാവായ മാവോക്കിന്റെ മകൻ, ആഖീശിന്റെ അടുക്കൽ ചെന്നു. ദാവീദും അവന്റെ എല്ലാ ആളുകളും, ഗത്തിൽ കുടുംബസമേതം, ആഖീശിന്റെ അടുക്കൽ പാർത്തു, ... (വാ. 1-3).

ദാവീദ് ആദ്യം ഓടിപ്പോയപ്പോൾ, ഗത്ത് രാജാവായിരുന്ന, ആഖീശിന്റെ അടുക്കൽ അവൻ അഭയം തേടി. പിന്നെ അവിടെ നിന്നു ഭ്രാന്ത് അഭിനയിച്ചു കഷ്ടിച്ചു രക്ഷപ്പെടുകയാണുണ്ടായത് (1 ശമുവേൽ 21:10-15). ഇപ്പോൾ ഏതാണ്ട് ഒമ്പതു വർഷം കഴിയുകയും, സാഹചര്യങ്ങൾ മാറുകയും ചെയ്തു. ശൗലിനു ദാവീദിനോടുള്ള വെറുപ്പു പ്രസിദ്ധമായിരുന്നു. കൂടാതെ, ആഖീശിന്റെ സേവ നത്തിനു ഉപയോഗിക്കത്തക്ക, നല്ലൊരു കൂട്ടം സൈന്യവുമുണ്ട് കൂടെ. ഈ പ്രാവശ്യം ഗത്തിൽ ദാവീദിനു ലഭിച്ചതു വ്യത്യസ്തമായ ഒരു സ്വീകരണമായി രുന്നു, അതുകൊണ്ടു അവനും, അവന്റെ ആളുകളും, അവരുടെ കുടുംബ ങ്ങളും ഫെലിസ്ത്യയിൽ താമസമാക്കി. "ദാവീദ് ഫെലിസ്ത്യദേശത്തു പാർത്ത

കാലം ഒരു ആണ്ടും നാലു മാസവും ആയിരുന്നു" (27:7).[1]

അതെത്ര പൊരുത്തപ്പെടാത്തതാണെന്നറിയുവാൻ, ഫെലിസ്ത്യർ ആരാണെന്നും അവർക്കു ദൈവജനത്തോടു എത്രമാത്രം ശത്രുതയുണ്ടായിരുന്നു എന്നെല്ലാം നാം മനസിലാക്കേണ്ടതുണ്ട് (ഫെലിസ്ത്യരെ കുറിച്ചു കൂടുതൽ അറിയുവാൻ, ഈ പുസ്തകത്തിൽ പിന്നീടു കൊടുത്തിട്ടുള്ള *ഫെലിസ്ത്യരെ* കുറിച്ചുള്ള ലേഖനം നോക്കുക). അവർ ദേശത്തിന്റെ വടക്കു പടിഞ്ഞാറുള്ള, മദ്ധ്യധരണ്യാഴി കടലിന്റെ കരയിലായി സ്ഥിതി ചെയ്തിരുന്ന, കനാൻ ദേശത്താണ് താമസിച്ചിരുന്നത് (ഈ പുസ്തകത്തിൽ പിന്നീട് കൊടുത്തിട്ടുള്ള *ദാവീദിന്റെ സാമ്രാജ്യം* എന്ന ഭൂപടം നോക്കുക). അവർ ദാഗോനെ ആരാധിക്കുന്നവരും, വിഗ്രഹാരാധികളുമായിരുന്നു (1 ശമുവേൽ 5:2; പകുതി മനുഷ്യനും, പകുതി മൽസ്യവും) അസ്താരോത്തിനെയും ആരാധിച്ചിരുന്നു (1 ശമുവേൽ 31:10). ഫെലിസ്ത്യ ദേശം താരതമ്യേന ചെറുതായിരുന്നെങ്കിലും (യോശുവ 13:2 മുതൽ), അവിടെ സ്ഥിതി ചെയ്തിരുന്ന അവരുടെ തന്ത്രപ്രധാനമായ വാണിജ്യ കേന്ദ്രങ്ങൾക്ക് വലിയ പ്രസിദ്ധി നേടിക്കൊടുക്കയും, അവർ ശക്തമായ സ്വാധീനമുള്ളവരായിതീരുകയും ചെയ്തു (നോക്കുക 1 ശമുവേൽ 13:5).

യോശുവ യിസ്രായേൽ മക്കളെ കനാൻ ദേശത്തേക്കു നയിച്ചുകൊണ്ടു പോയപ്പോൾ, ഫെലിസ്ത്യയിലെ വലിയ പട്ടണങ്ങൾ കൈവശമാക്കുവാൻ അവർക്കു കഴിഞ്ഞില്ല.[2] ന്യായാധിപന്മാരുടെ പ്രക്ഷുബ്ധമായ കാലയളവിൽ, ഫെലിസ്ത്യർ വീണ്ടും വീണ്ടും യിസ്രായേലിന്റെ തെക്കൻ പ്രദേശങ്ങൾ പിടിച്ചടക്കുകയുണ്ടായി (ന്യായാധിപന്മാർ 10:6, 7; മുതലായവ.). ഒരു പ്രാവശ്യം ദേശം നാല്പതു വർഷം അവരുടെ അധീനതയിലാക്കിയിരുന്നു (ന്യായാധിപന്മാർ 13:1). ഫെലിസ്ത്യരുടെ സ്വഭാവം അല്പമെങ്കിലും മനസിലാക്കുവാൻ, ഫെലിസ്ത്യ സുന്ദരിയായ, ദലീലയുടെ ക്രൂരതയെയും (ഒ.വാ. ന്യായാധിപന്മാർ 16:4, 5), ഫിലിസ്ത്യർ ശക്തി ക്ഷയിച്ച ശിംശോനിൽ പ്രയോഗിച്ച ക്രൂരപരിഹാസത്തെയും ഓർമ്മിച്ചാൽ മതി.

ശമുവേലിന്റെ കാലത്ത്, ദൈവജനത്തെ കീഴ്പ്പെടുത്തി ഫെലിസ്ത്യർ വലിയ വിജയം നേടുകയും, യിസ്രായേലിന്റെ മതപരമായ അടയാളമായിരുന്ന അവരുടെ നിയമ പെട്ടകം കൈവശപ്പെടുത്തുകയും ചെയ്തു. ഫെലിസ്ത്യർ നിയമപെട്ടകത്തെ അസ്തൊദിലേക്കു കൊണ്ടു പോകയും അതിനെ ധിക്കാരപൂർവ്വം ദാഗോന്റെ ക്ഷേത്രത്തിൽ വെക്കുകയും ചെയ്തു.[3] ശൗൽ രാജാവായപ്പോൾ, ഫെലിസ്ത്യർക്കു യെഹൂദ്യയുടെ കേന്ദ്രഭാഗമായ ഗിബെയയിൽ, ഒരു കോട്ട ഉണ്ടായിരുന്നു (1 ശമുവേൽ 10:5), അതിൽകൂടെയാണ് ഫെലിസ്ത്യർ എല്ലാ വശങ്ങളിൽ കൂടെയും നുഴഞ്ഞു കയറിയത് (1 ശമുവേൽ 13:16–18). ഫെലിസ്ത്യരുമായി നടത്തിയ നിരവധി പോരാട്ടങ്ങളിൽ ചിലതു നമ്മുടെ പരമ്പരയിൽ നാം കണ്ടു. ഈ പഠനം പൂർത്തിയാക്കുന്നതിനു മുൻപു കൂടുതൽ നാം കാണും.

ഫെലിസ്ത്യർ അങ്ങനെ തുടർച്ചയായി ആക്രമിച്ചിരുന്നെങ്കിൽ, അവർ ദൈവജനമായിരുന്ന യിസ്രായേലിനെ തരംതാഴ്ത്തുകയും, യഹോവയുടെ നാമം പിന്നെ ഒരിക്കലും വിളിച്ചപേക്ഷിക്കുവാൻ അനുവദിക്കാതിരിക്കയും ചെയ്യുമായിരുന്നു. അന്യദേവന്മാരെയും, വിഗ്രഹങ്ങളെയും നമസ്ക്കരിച്ചിരുന്ന അഭക്തരായിരുന്ന ആളുകൾക്കിടയിലേക്കു താമസിക്കുവാൻ, ദാവീദ് പോയതു നമ്മെ സംഭ്രമിപ്പിക്കുന്നു. എങ്ങനെയായാലും, അതാണ്, യഥാർത്ഥത്തിൽ അവൻ ചെയ്തത്. യേശു മുടിയനായ പുത്രന്റെ ഉപമ പറയുന്നതിനു ആയിരം

വർഷം മുൻപു, ദാവീദ് "ദൂരദേശത്തേക്കു പോയി" – ഭൂമിശാസ്ത്രപരമായ ദൂരത്തേക്കല്ല, എന്നാൽ ധാർമ്മികവും, ആത്മികവും, ദൈവശാസ്ത്രപരവുമായ ദൂരത്തിലേക്കാണു പോയത്. അതുപോലെ, നാമും ചിലപ്പോൾ നമ്മെ പഠിപ്പിച്ചതിൽനിന്നും, നാം വിശ്വസിച്ചിരുന്നതിൽനിന്നും, നമ്മുടെ മുമ്പിലത്തെ ജീവിതരീതിയിൽനിന്നും അകന്നു, "ദൂരദേശത്തേക്കു യാത്ര ചെയ്തേക്കാം."

ഈ പാഠത്തിൽ നാം മൂന്നു ചോദ്യങ്ങൾ ചോദിക്കുവാൻ ആഗ്രഹിക്കുന്നു: (1) ദാവീദ് എന്തിനാണ് അതു ചെയ്തത്? (2) ഫലങ്ങൾ എന്തെല്ലാമായിരുന്നു? (3) ദാവീദിനു എങ്ങനെ തിരിച്ചു വരുവാൻ കഴിഞ്ഞു? നാം എന്തുകൊണ്ടു ദൂരദേശത്തേക്കു പോകുന്നു എന്നും – തിരിച്ചു വരുവാനുള്ള വഴി എങ്ങനെ കണ്ടെത്താമെന്നതിനെ കുറിച്ചും അല്പം മനസിലാക്കുവാൻ ഇതു ഉപകരിച്ചേക്കാം.

**പോകുന്നതിനുള്ള കാരണങ്ങൾ (1 ശമുവേൽ 27:1-3)**

നാം ആദ്യം ചോദിക്കേണ്ട ചോദ്യം *"എന്തുകൊണ്ടു ദാവീദ് ഫെലിസ്ത്യർക്കിടയിൽ താമസിക്കുവാൻ പോയി?"* എന്നതാണ് അവൻ ശൗലിൽനിന്നു രക്ഷ പ്രാപിക്കുവാൻ ആഗ്രഹിച്ചു എന്നതാണ് വ്യക്തമായ ഉത്തരം (27:1).[4] അതു വെച്ചു നോക്കിയാൽ, ദാവീദിന്റെ തീരുമാനത്തിൽ ലോകപ്രകാരമുള്ള സൂത്രം കാണാം. ദാവീദ് ശൗലിൽ നിന്നും ഓടി *പോയി* (27:4). വർഷങ്ങളായി നിരന്തര ഓട്ടത്തിലായിരുന്ന അവനും കുടുംബത്തിനും, ഇപ്പോൾ ആദ്യമായി സാധാരണ ജീവിതം നയിക്കുവാൻ കഴിഞ്ഞു.

എങ്ങനെയായാലും, 27:1–നെ പരാമർശിച്ചു ഒരെഴുത്തുകാരൻ പറഞ്ഞു, "ദാവീദ് അവന്റെ വിശ്വാസത്തിൽ നിന്നു തെറ്റി ... പോകുകയും ... യിസ്രായേലിന്റെ അതിർ കടന്നു അഭയം തേടുവാൻ നിർബ്ബന്ധിതനാകുകയും ചെയ്തു."[5] "ദാവീദ് വിശ്വാസത്തിൽ നിന്നു വീണോ?" ഈ സംഭവത്തെ ഞാൻ കൂടുതലായി പഠിച്ചപ്പോൾ, ആ വിലയിരുത്തൽ ശരിയാണെന്നു എനിക്കു കൂടുതൽ ബോധ്യമായി. ഈ വസ്തുതകൾ പരിഗണിക്കുക: അവൻ ആയിരിക്കും അടുത്ത രാജാവെന്നു ദൈവം ദാവീദിനോടു വാഗ്ദാനം ചെയ്തിരുന്നു. ദൈവം അവനോടുകൂടെ ഉണ്ടാകും എന്നും അവനോടു വാഗ്ദാനം ചെയ്തിരുന്നു. അടുത്ത രാജാവു ദാവീദ് ആയിരിക്കുമെന്നു ശൗലും, യോനാഥാനും, അബീഗയിലും വിശ്വസിച്ചിരുന്നു. ഒമ്പതു വർഷം ശൗൽ ദാവീദിനെ തിരഞ്ഞിട്ടും പിടിക്കുവാൻ കഴിയാതിരുന്നത് "ദൈവം അവനെ അവന്റെ കയ്യിൽ ഏല്പിക്കാതിരുന്നതുകൊണ്ടാണ്" (1 ശമുവേൽ 23:14).

ഇതെല്ലാം ദാവീദിനു അറിയാമായിരുന്നു. തന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം അവൻ പലപ്പോഴും ദൈവത്തിൽ ഭരമേല്പിക്കുന്നുമുണ്ട്. ശൗലിന്റെ കയ്യാൽ ഒരു ദിവസം ദാവീദ് മരി*ക്കയില്ല* എന്നതിനു ഇതിനു പുറമെ എന്തു തെളിവാണ് ദാവീദിന് ആവശ്യം (27:1)?

എന്നിരുന്നാലും, വിശ്രമമില്ലാത്ത ഒരു രാത്രിക്കു ശേഷം, മേഘാവൃതവും, വിരസവുമായ പ്രഭാതത്തിൽ ദാവീദ് ഉണരുന്നതിനെ എനിക്കു ഊഹിക്കുവാൻ കഴിയും. പ്രഭാത ഭക്ഷണത്തിന് അവൻ ഇരുന്നപ്പോൾ, ക്രമം നഷ്ടപ്പെട്ട അവന്റെ പാളയത്തെയും വാടിയ മുഖമുള്ള അവന്റെ ഭാര്യമാരെയും കണ്ടപ്പോൾ, അവൻ വിചാരിച്ചു, "ശൗലിന്റെ സൈന്യം ഏതു നിമിഷവും നമ്മെ ആക്രമിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു, നമുക്കു ഇങ്ങനെ പോകുവാൻ കഴിയുകയില്ല. ഇങ്ങനെ ജീവിക്കുവാൻ ഒരു മാർഗ്ഗവുമില്ല. ഞാൻ മരിക്കാതെ

ശൗലിന് സന്തോഷിക്കുവാൻ കഴിയുന്നതല്ല." അവൻ നെടുവീർപ്പിട്ടു, പടിഞ്ഞാറോട്ടു നോക്കി. "വേറെ മാർഗ്ഗമൊന്നും നമുക്കില്ല. നമുക്കു ദേശം തന്നെ വിട്ടു പോകണം." അവൻ അകാലത്തിൽ വാർദ്ധക്യം പ്രാപിച്ച പോലെ, എഴുന്നേറ്റു, തന്റെ പാളയത്തോടു പോകുവാൻ കല്പിച്ചു.

> അനന്തരം ദാവീദ്, "ഞാൻ ഒരു ദിവസം ശൗലിന്റെ കയ്യാൽ നശിക്കേയുള്ളൂ. ഫെലിസ്ത്യരുടെ ദേശത്തിലേക്കു ഓടിപ്പോകയല്ലാതെ എനിക്കു വേറെ നിവൃത്തിയില്ല. ശൗൽ അപ്പോൾ യിസ്രായേൽ ദേശത്തൊക്കെയും എന്നെ അന്വേഷിക്കുന്നതു മതിയാക്കും, ഞാൻ അവന്റെ കയ്യിൽനിന്നു ഒഴിഞ്ഞുപോകും" എന്നു മനസ്സിൽ നിശ്ചയിച്ചു (27:1, 2).

ശ്രദ്ധിക്കുക "ദാവീദ് *തന്നോടു തന്നെ*യാണ് സംസാരിക്കുന്നത്." ദാവീദ് ദൈവേഷ്ടം എന്തെന്നു ചോദിച്ചില്ല; ദാവീദ് സ്വയം സംസാരിക്കുകയായിരുന്നു. അടുത്തതു, ദാവീദിന്റെ വിചാരങ്ങൾ സ്വാർത്ഥമായിരുന്നു എന്നതു ശ്രദ്ധിക്കുക: "*ഞാൻ* ഒരു ദിവസം ശൗലിന്റെ കയ്യാൽ നശിക്കും. ഫെലിസ്ത്യരുടെ ദേശത്തേക്കു ഓടിപോകുകയല്ലാതെ *എനിക്കു* വേറെ നിവൃത്തിയില്ല. പിന്നെ ശൗൽ യിസ്രായേൽ ദേശത്തൊക്കെയും *എന്നെ* തിരയുന്നതു മതിയാക്കും, *ഞാൻ* ശൗലിന്റെ കയ്യിൽ നിന്നു രക്ഷപ്പെടുകയും ചെയ്യും." നിങ്ങളുടെ ചിന്ത സ്വയം-കേന്ദ്രീകൃതവും കർത്താവിനുവേണ്ടി ഏറ്റവും നല്ലതെന്താണ് എന്നതിനുപകരം നിങ്ങൾക്കുവേണ്ടി ഏറ്റവും നല്ലതെന്താണ് എന്നു ചിന്തിക്കുമ്പോൾ, രണ്ടു കാര്യങ്ങളായിരിക്കും ഫലം: നിങ്ങളുടെ വിശ്വാസത്തിൽ നിങ്ങൾ വീണു പോകയും, വിദേശം നിങ്ങൾക്കു കൂടുതൽ ആകർഷണീയമാകുകയും ചെയ്യും.

ദൂരദേശത്തേക്കു പോകുന്നതിൽ എല്ലായ്പ്പോഴും ഒരു വിശ്വാസപ്രശ്നം ഉൾപ്പെട്ടിരിക്കുന്നു - മാതാപിതാക്കളിൽ ഉള്ള വിശ്വാസക്കുറവു, ദാമ്പത്യബന്ധത്തിൽ ഉള്ള വിശ്വാസക്കുറവു, നാം ബന്ധപ്പെടുന്ന ആളുകളോടുള്ള വിശ്വാസക്കുറവു, നമ്മിൽത്തന്നെയുള്ള വിശ്വാസക്കുറവു എന്നിവയാണ് അതിൽ ഉള്ളത്. എങ്ങനെയായാലും, അതിന്റെ എല്ലാം പുറകിൽ ഉള്ളത്, *ദൈവ*ത്തിലുള്ള വിശ്വാസക്കുറവാണ് - അത് ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള കരുതലിലും, അവന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പദ്ധതികളിലും ഉള്ള വിശ്വാസക്കുറവാണത്.

### മനസിൽ വേണ്ട വിശ്വാസം (1 ശമുവേൽ 27:4)

സമ്മർദ്ദം വർദ്ധിച്ചപ്പോൾ ദാവീദ് ഫെലിസ്ത്യയിലേക്കു ഓടിപോകുവാനുള്ള പ്രഥമ കാരണം വിശ്വാസക്കുറവായിരുന്നുവെങ്കിൽ, എന്റെ അടുത്ത പോയിന്റു നിങ്ങളെ അതിശയിപ്പിക്കും: ദാവീദിന്റെ തീരുമാനത്തിന്റെ *പെട്ടെന്നുള്ള* ഫലം അവൻ വളരെ ആഗ്രഹിച്ച: താല്ക്കാലിക *ആശ്വാസം* ആയിരുന്നു. 27:4-ൽ നാം വായിക്കുന്നു, "ദാവീദ് ഗത്തിലേക്കു ഓടിപോയി എന്നു ശൗലിന്നു അറിവു കിട്ടി, ശൗൽ പിന്നെ അവനെ അന്വേഷിച്ചതുമില്ല." ദാവീദിനു പിന്നെ ഓരോ നിമിഷവും ഉണരുമ്പോൾ തല കഴുത്തിലുണ്ടോ എന്നു നോക്കേണ്ടി വന്നില്ല. പരിഷ്കൃതരായവരെപോലെ അവനും അവന്റെ കുടുംബത്തിനും ഒരു വീട്ടിൽ താമസിക്കുവാൻ കഴിഞ്ഞു. രാത്രിയിൽ കൊലയാളി വന്നു തന്റെ കഴുത്തറുക്കുമോ എന്നു ദാവീദിനു ഭയപ്പെടേണ്ടി വന്നില്ല.

ദൂരദേശത്തേക്കു പോകുവാനുള്ള ആകർഷണങ്ങളിൽ ഒന്നു ഇതാണ്: നമുക്കു അസഹനീയമായി തോന്നുന്ന സാഹചര്യങ്ങളിൽ നിന്നു പലപ്പോഴും താൽക്കാലിക ആശ്വാസം കണ്ടെത്തുവാൻ സാധിച്ചേക്കാം. മുടിയനായ പുത്രൻ ദൂരെ ദേശത്തിലേക്കു പോയപ്പോൾ, അവനു ആരോടും കണക്കുകൊടുക്കേണ്ടിവന്നില്ല; അവനു ആരോടും പണം ആവശ്യപ്പെടുവാനുമില്ലായിരുന്നു; അവനു ഉത്തരവാദിത്വവുമില്ലായിരുന്നു. വിവാഹബന്ധം ഒരു കുരുക്കായി അനുഭവപ്പെട്ട് ബന്ധം വിടർത്തുമ്പോൾ, ഒരാൾക്ക് വലിയ ആശ്വാസം ലഭിച്ചതായി തോന്നും. രക്ഷാകർത്തൃത്വം ഭാരമാണെന്നു വിചാരിക്കുന്നവർ അതു വലിച്ചെറിയുമ്പോൾ, ആശ്വാസം മനസ്സിൽ നിറയുന്നതായി തോന്നും. ജീവിതഭാരം നിമിത്തം ഒരാൾ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും തിരിയുമ്പോൾ, ഒരു നിമിഷത്തേക്ക് വേദന ഇല്ലാത്തതായി തോന്നാം – അതു മനോഹരമായി അവർക്കു തോന്നുകയും ചെയ്യുന്നു. കർത്താവിനെ സേവിച്ചു മടുത്തു എന്നു തോന്നി ഒരാൾ "ഉപദേശിക്കുവാനും പ്രസംഗിക്കുവാനും മറ്റാരെയെങ്കിലും കണ്ടെത്തുക! എനിക്കു മതിയായി!" എന്നു പറയുമ്പോൾ, ആശ്വാസം മനോസുഖമായി അനുഭവപ്പെടും.

ഞാൻ പറയുന്നത് ആളുകൾ ദൂരദേശത്തിലേക്കു പോകുന്നതു ആശ്വാസത്തിനാണെന്നാണോ? അല്ല, ഞാൻ സത്യസന്ധമായി പറയുവാൻ ശ്രമിക്കുകയാണ്. "പാപത്തിലെ സുഖത്തെകുറിച്ചു" എബ്രായലേഖകൻ പറഞ്ഞു (11:25), അതുപോലെ പാപം ആകർഷകമാണെന്നു നാമും സമ്മതിച്ചേക്കാം. ചിലപ്പോൾ ആ "സുഖങ്ങൾ" അകത്തുള്ളതു പോലെ പുറത്തു കാണണമെന്നില്ല. ചിലപ്പോൾ അതു ആത്മാവിനെ ആശ്വസിപ്പിക്കുന്നതുപോലെ ജഡത്തെ സുഖിപ്പിക്കുന്നതുമാകണമെന്നില്ല.

ഇത്തരത്തിൽ ആശ്വാസം കണ്ടെത്തുന്നതിലുള്ള കുഴപ്പം എന്താണ്? പ്രശ്നത്തിന് രണ്ടുവശമുണ്ട്: ഒന്നു, ദൈവത്തെ അനുസരിക്കാതെ കിട്ടുന്ന ആശ്വാസം താല്ക്കാലികമാണ്. "പാപസുഖത്തെക്കുറിച്ചു" എബ്രായ ലേഖകൻ പറഞ്ഞപ്പോൾ, "*കടന്നുപോകുന്ന* പാപസുഖം" എന്നാണ് അവയെ വിളിച്ചിരിക്കുന്നത്. കെജെവി സൂചിപ്പിക്കുന്നത് അവ "ഒരു സമയത്തേക്കു" മാത്രം ഉള്ളതെന്നാണ്, അതായതു, കുറച്ചു സമയത്തേക്കു മാത്രം എന്നർത്ഥം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, "ദാവീദ് ഉടനെ അങ്ങനെ തീരുമാനിക്കുവാനുള്ള കാരണം ... *താല്ക്കാലിക* ആശ്വാസമായിരുന്നു."

രണ്ട്, ദൈവത്തെ അനുസരിക്കാത്തതായ വില കൊടുത്തു ഒരാൾ ആശ്വാസം വാങ്ങുമ്പോൾ, അയാൾ അതിനു വലിയ വിലയാണ് കൊടുക്കുന്നത്. കാട്ടുപൂച്ചയെ വെടിവെക്കുവാൻ താഴെ നില്ക്കുന്നയാൾക്കു സാധിക്കേണ്ടതിന് അതിനെ അനങ്ങുവാൻ സമ്മതിക്കാതെ അതിനെ വാലിൽ പിടിച്ചുകൊണ്ട് മരത്തിൽ ഇരിക്കുന്ന ഒരാളുടെ രസകരമായ കഥ ഒരുപക്ഷെ ജെറി ബ്ലോയെർ പറഞ്ഞു നിങ്ങൾ കേട്ടിരിക്കാം. അവസാനം മരത്തിലിരിക്കുന്ന ആൾ തന്റെ കൂട്ടുകാരനോടു വിളിച്ചു പറഞ്ഞു: "ഞങ്ങളിൽ ഒരാളെ വെടിവെച്ചോളൂ. അങ്ങനെ ഞങ്ങളിൽ *ഒരാൾക്കു* ആശ്വാസം കിട്ടുമല്ലൊ!" ജെറി അതു പറഞ്ഞപ്പോൾ, അതു വളരെ രസകരമായിരുന്നു. "കാട്ടുപൂച്ചയെ വിടാതെ വാലിൽ പിടിച്ചിരിക്കുന്ന" ആളിന്റെ ആപൽക്കരമായ അവസ്ഥയിൽ നമുക്കു സഹതാപം തോന്നും. എങ്ങനെയായാലും, ആ മനുഷ്യൻ, ആശ്വാസത്തിനായി കൊടുത്ത വലിയ വില നമുക്ക് മനസ്സിലാകും.

നിങ്ങൾ ഒരുപക്ഷെ ഇപ്പോൾ അസഹനീയമായ ചില സാഹചര്യത്തിലാ

യിരിക്കാം. “എന്തെങ്കിലും ആശ്വാസം, അല്പം ലഭിക്കുവാൻ ഞാൻ *എന്തും* വിട്ടുകളയുവാൻ തയ്യാറാണ്” എന്നു, നിങ്ങൾ കരുതിയേക്കാം. സൂക്ഷിക്കുക, നിങ്ങൾ ആ ആശ്വാസത്തിനായി കൊടുക്കുന്നത് വലിയ വിലയാണ്!

### പോകുന്നതിന്റെ അനന്തരഫലം (1 ശമുവേൽ 27:5-30:6)

ദാവീദ് ഉടനെ അങ്ങനെ തീരുമാനിക്കുവാൻ കാരണം താല്ക്കാലിക ആശ്വാസമായിരുന്നു. ഇനി നമുക്ക് അതിന്റെ *ദീർഘ - കാല* ഫലങ്ങളിലേക്കു നോക്കാം.

### അവൻ ദാസ്യത്തിനായി സ്വാതന്ത്ര്യം കൈമാറി

ദാവീദ് ഫെലിസ്ത്യയിൽ വരുന്നതിനുമുൻപു, അവനു സ്വാതന്ത്ര്യമുണ്ടായിരുന്നു. അതു സംഘർഷമുള്ള സ്വാതന്ത്ര്യമായിരുന്നു, എന്നാലും അതു സ്വാതന്ത്ര്യം തന്നെയായിരുന്നു. ഇപ്പോൾ, അഭയം നൽകിയതിനു പകരം, തനിക്കു ഉപകാരിയായ ഗാത്ത് രാജാവായിരുന്ന, ആഖിശിന്നു, അവൻ നന്ദി വാഗ്ദാനം ചെയ്തു. 27:5-ൽ ദാവീദ് തന്നെത്തന്നെ ആഖീശിന്റെ “ദാസൻ” എന്നാണ് വിളിച്ചിരിക്കുന്നത് (കൂടാതെ ശ്രദ്ധിക്കുക 1 ശമുവേൽ 28:2; 29:80). ദാവീദ് ഗത്തിൽ നിന്നു പോയിട്ടു പോലും, അവൻ തന്റെ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആഖീശിനെ ധരിപ്പിക്കണമായിരുന്നു, എന്നു 9-ഉം 10-ഉം വാക്യങ്ങൾ വ്യക്തമാക്കുന്നു.[6] ദാവീദിന്റെ സ്വാതന്ത്ര്യമനുഷ്യനെ സംബന്ധിച്ച്, അവന്റെ ആഖീശിനോടുള്ള പരിഹാസ്യമായ കീഴ്പ്പെടൽ പോലും വ്യണപ്പെടുത്തുന്നതായിരുന്നു.

ലൗകിക താല്പര്യമുള്ളവരെപോലെ ജീവിക്കുവാൻ വേണ്ടി ഒരു യുവാവു വീടു വിട്ടു പോയാൽ, അയാൾ ഉറപ്പിച്ചു പറയും, “എനിക്കു സ്വാതന്ത്ര്യം വേണം!” ഒരുപക്ഷെ ഒരാൾ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും തിരിയുമ്പോൾ, അയാൾ നമ്മെ ധരിപ്പിക്കുന്നത്, “ഞാൻ എന്തു ചെയ്യണമെന്നു നിങ്ങൾ പറയേണ്ട; എനിക്കു സ്വാതന്ത്ര്യമുണ്ട്!” ഒരാൾ വിവാഹബന്ധം വേർപെടുത്തുവാൻ ആഗ്രഹിക്കുമ്പോഴോ രക്ഷാകർത്തൃത്വ ഉത്തരവാദിത്വത്തിൽനിന്നു ഒഴിഞ്ഞു മാറുവാൻ താല്പര്യപ്പെടുമ്പോഴോ, പലപ്പോഴും അവൻ അല്ലെങ്കിൽ അവൾ വിളിച്ചു പറയും, “എന്റെ ആത്മാവു സ്വാതന്ത്ര്യത്തിനു വേണ്ടി ദാഹിക്കുന്നു!” പാപത്തിന്റെ നിഷ്ഠൂരമായ അടിമത്വത്തിനു വേണ്ടിയാണ് അവർ സ്വാതന്ത്ര്യത്തിന്റെ ഗുണകരമായ നിബന്ധനകളെ ത്യജിക്കുന്നതു എന്നു അവർ തിരിച്ചറിയുന്നില്ല (യോഹന്നാൻ 8:34; റോമർ 6:16). സ്വാതന്ത്ര്യം തേടിയായിരിക്കാം മുടിയനായ പുത്രൻ ദൂരദേശത്തിലേക്കു പോയത്, എന്നാൽ അവസാനം അവൻ “അവിടത്തെ പൗരന്മാരിൽ ഒരാളെ” സേവിക്കുന്നതായി സ്വയം മനസ്സിലാക്കി (ലൂക്കൊസ് 15:15).

### വിട്ടുവീഴ്ച്ചക്കായി അവൻ കൈമാറിയത് ദൈവത്തോടുള്ള അടുപ്പമായിരുന്നു

ഒരിക്കൽ ഫെലിസ്ത്യദേശത്തിനകത്തായപ്പോൾ, ദാവീദിനു യഹോവയോടുള്ള ബന്ധം കുറയുവാൻ തുടങ്ങി. ഒരു വർഷത്തിലധികമായി, അവൻ ദൈവത്തോട് ആലോചന ചോദിച്ചിട്ട്. ഫെലിസ്ത്യരുടെ ഇടയിൽ ദാവീദ് ജീവിച്ചപ്പോൾ ഉള്ളതായ സങ്കീർത്തനങ്ങൾ ഇല്ല. ദാവീദ് പാട്ടു പാടുന്നതു നിർത്തി. അതിൽ അതിശയിക്കുവാനില്ല. ദൈവത്തെ ആരാധിക്കുന്നതിനെ എതിർക്കുന്ന

ആളുകൾക്കിടയിൽ താമസിച്ചു എങ്ങനെ ഒരാൾക്ക് ആരാധിക്കുവാൻ കഴിയും? പത്തുകല്പനകളെല്ലാം ലംഘിക്കുന്നതിൽ സന്തോഷിക്കുന്നവർക്കിടയിൽ താമസിച്ച് എങ്ങനെ പത്തു കല്പനകൾ അനുസരിക്കുവാൻ കഴിയും?

നിങ്ങൾ ലൗകിക താല്പര്യമുള്ളവരെപോലെ ജീവിക്കുവാൻ തീരുമാനിച്ചാൽ, അതു ദൈവവുമായുള്ള ബന്ധത്തെ ഉലക്കും (1 യോഹന്നാൻ 2:15). ജീവിതത്തിൽ ഏറ്റവും മുഖ്യമായ കാര്യം പണമുണ്ടാക്കുന്നതിൽ വിജയിക്കുന്നതാണെന്നു നിങ്ങൾ കരുതിയാൽ, അതു നിങ്ങളുടെ ദൈവവുമായുള്ള ബന്ധത്തെ നശിപ്പിക്കും (മത്തായി 6:24). നിങ്ങൾ അധികവും അവിശ്വാസികളോടു കൂടെ ജീവിക്കുകയും, വിശ്വാസികളോടുകൂടെ വളരെ വിരളമായി മാത്രം ബന്ധം പുലർത്തുകയും ചെയ്താൽ, നിങ്ങളുടെ ദൈവവുമായുള്ള ബന്ധം വഷളാകും (1 കൊരിന്ത്യർ 15:33). ഇതിൽ അതിശയിക്കുവാൻ ഒന്നുമില്ല. ലൗകിക ജീവിതത്തോടു ഒത്തുപോകുവാൻ, നിങ്ങൾ സമൂഹത്തിലുള്ളവരെ പോലെ സംസാരിക്കയും, അവരെ പോലെ പ്രവർത്തിക്കുകയും വേണം, കൂടാതെ നിങ്ങൾ അവരെപോലെ ചിന്തിക്കുന്നു എന്നു വരെ ബോധ്യപ്പെടുത്തണം. നിങ്ങൾ ലൗകികതയുമായി ചേരണം. അതിനാൽ ദൈവമകൻ എന്ന രീതിയിൽ നിങ്ങളെ കാണുന്നത് കുറഞ്ഞു വരുകയും, നിങ്ങളെ കൂടുതലും ആ ലോകത്തിലെ ഒരു പൗരനായിട്ടു കാണാൻ സാധിക്കുകയും ചെയ്യുന്നു. അതാണ് ഒരാൾ ദൂരദേശത്തിലേക്കു പോകുന്നതിനു കൊടുക്കേണ്ടി വരുന്ന വില.

ഒരു വിനോദമായി ഞാൻ ഇന്ദ്രജാലം[7] ഇഷ്ടപ്പെടുന്നു. പ്രായപൂർത്തിയാകുമ്പോൾ ഒരു ഔദ്യോഗിക മാന്ത്രികനാകണമെന്ന്, ഞാൻ എന്റെ ബാല്യത്തിൽ തീരുമാനിച്ചിരുന്നു. ഞാൻ അതു എന്റെ അമ്മയോടു പറഞ്ഞപ്പോൾ, അല്പനേരം അതിനെ കുറിച്ചു ചിന്തിച്ചിട്ടു, എന്നെ തടഞ്ഞുകൊണ്ടു അമ്മ ഈ ചോദ്യം ചോദിച്ചു: "നീ അതു എവിടെ അവതരിപ്പിക്കും?" അക്കാലത്തു, ഒരു മാന്ത്രികനു അതുകൊണ്ടു ഉപജീവിക്കണമെങ്കിൽ, അവയെ രാത്രി നടത്തുന്ന ക്ലബ്ബുകളിൽ അയാൾ അവതരിപ്പിക്കണമായിരുന്നു. "നിന്റെ സ്വപ്നം യാഥാർ ത്ഥ്യമാക്കുവാൻ നീ ദൂരദേശത്തേക്കു പോകണോ?" എന്നായിരുന്നു, അമ്മ ചോദിച്ചത്. ആ തീരുമാനം എടുക്കുവാൻ എന്നെ നന്നായി പഠിപ്പിക്കുകയും - പിന്നെ ഞാൻ എന്റെ പദ്ധതി മാറ്റുകയും ചെയ്തു. ഇന്നു വിനോദം ഔദ്യോഗികമായി കൊണ്ടുനടക്കുന്നവർക്കു ധാരാളം അവസരങ്ങളുണ്ട്, എങ്കിലും കലാപ്രകടന രംഗം ദൂരദേശത്തേക്കു പോകുന്നതിനു തുല്യവും വിശ്വാസം നഷ്ടപ്പെടുവാൻ സാധ്യതയുമുള്ളതാണ് എന്നത് ഇപ്പോഴും വാസ്തവമാണ്. ഔദ്യോഗിക വിനോദത്തിന്റെ ദൂരദേശത്തേക്കു പോയി വിശ്വാസം നിലനിർത്താമെന്നു കരുതിയ ദൈവത്തിന്റെ മക്കളിൽ അധികവും, അതിനു കഴിയാത്തവരാണ്.

ഒരാൾ തിരഞ്ഞെടുക്കേണ്ട ജോലിയെ സംബന്ധിച്ചു ഞാൻ ആജ്ഞാപിക്കുവാൻ ശ്രമിക്കുകയല്ല; എന്നാൽ നിങ്ങളുടെ ജോലി എന്തുതന്നെയായാലും, നിങ്ങൾ ആരുമായിട്ടാണ് ബന്ധപ്പെടുന്നതെന്നും, അവരുടെ നിലവാരമെന്തെന്നും, നിങ്ങളെ അവർ സ്വീകരിക്കേണ്ടതിന്നു നിങ്ങളിൽ നിന്നും എന്തു പെരുമാറ്റം പ്രതീക്ഷിക്കുന്നു എന്നതെല്ലാം പരിഗണിക്കുവാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുന്നു. ഒരിക്കൽ നിങ്ങൾ തീരുമാനമെടുത്താൽ, നിങ്ങളുടെ പ്രാർത്ഥനയും ദൈവത്തെ പാടി പുകഴ്ത്തലും കുറയുന്നതായി നിങ്ങൾ കാണു

കയാണെങ്കിൽ, നിങ്ങൾ പുറത്തേക്കുള്ള വാതിലിലേക്കു, നടക്കുകയല്ല, ഓടണം, എന്നും പറഞ്ഞുകൊള്ളട്ടെ. ദൈവത്തോടുള്ള നിങ്ങളുടെ ബന്ധം മുഴുവനായി നഷ്ടപ്പെടുന്നതിനു മുൻപു തന്നെ അതിൽനിന്നു പുറത്തു കടക്കുക!

## വഞ്ചനാ ജീവിതത്തിനു അവൻ കൈമാറിയത് ആത്മാർത്ഥതയാണ്

ദാവീദ് ശൗലിൽനിന്നു ഓടിപോയപ്പോൾ, അവൻ ആദ്യം അല്പം ബുദ്ധി ശൂന്യമായി പ്രവർത്തിച്ചു[8]; തന്റെ നിരാശയിൽ അവൻ നുണ പറയുകയും വഞ്ചിക്കുകയും ചെയ്തു. അവസാനം, അദുല്ലാം ഗുഹയിൽ വെച്ച്, തന്റെ ആത്മാർത്ഥത അവൻ വീണ്ടെടുക്കുകയും – അഭയാർത്ഥിയായിരുന്ന എട്ടിൽ അധികം വർഷത്തോളം അവൻ അതു നിലനിർത്തുകയും ചെയ്തു. അവന്റെ ആളുകളും അവനെ നന്നായി അറിയുന്നവരും അവനെ ബഹുമാനിച്ചു (24:17). എങ്ങനെയായാലും, ഇപ്പോൾ ദാവീദ്, ഇരട്ടത്താപ്പുള്ളവനായി മാറി; അവന്റെ ജീവിതം മുഴുവൻ വ്യാജമായിത്തീർന്നു.

കുറെനാൾ കഴിഞ്ഞു, ദാവീദ് ആഖീശിന്റെ അടുത്തു ചെന്നു പറഞ്ഞു, "നിനക്കു എന്നോടു കൃപയുണ്ടെങ്കിൽ, നാട്ടിൻപുറത്തു ഒരു ഊരിൽ എനിക്കു ഒരു സ്ഥലം കല്പിച്ചു തരുവിക്കേണം, അവിടെ ഞാൻ പാർത്തു കൊള്ളാം; രാജനഗരത്തിൽ നിന്റെ അടുക്കൽ അടിയൻ പാർക്കുന്നതു എന്തിനു?" (27:5). രാജാവു താമസിക്കുന്ന നഗരത്തിൽ താമസിക്കുവാൻ യോഗ്യനല്ല താൻ എന്നു അവൻ അഭിനയിക്കുകയായിരുന്നു. വാസ്തവത്തിൽ, അവൻ രാജാവിന്റെ കണ്ണിൽപെടാതെ തന്റെ പ്രവൃത്തികൾ ആരും അറിയാതെ ചെയ്യുവാനാണ് ആഗ്രഹിച്ചത്.[9] നുണയും വഞ്ചനയും വർദ്ധിക്കുവാൻ തുടങ്ങി.

ഗാത്തിനു തെക്കുള്ള ഒരു നാട്ടുമ്പുറ ടൗണായ സിക്ലാഗ്,[10] ആഖീശ് ദാവീദിനായി കൊടുത്തു.[11] ദാവീദും, അവന്റെ ആളുകളും, അവന്റെ കുടുംബവും അങ്ങനെ അവിടേക്കു മാറി. ആദ്യം ദാവീദും അവന്റെ ആളുകളും സംരക്ഷണജോലി ചെയ്താണ് ഉപജീവനം കണ്ടെത്തിയിരുന്നത്; ഇപ്പോൾ അവർ ഉൻമൂലനാശം വരുത്തിക്കൊണ്ടാണ് ഉപജീവനത്തിനു വഴി കണ്ടെത്തിയത്. എന്നാൽ അവർ ഉന്മൂലനം ചെയ്തത് എലികളെയും മൂട്ടകളെയുമായിരുന്നില്ല; മറിച്ചു ആളുകളെയായിരുന്നു.

> ദാവീദും അവന്റെ ആളുകളും ഗെശൂര്യരെയും ഗെസ്രിയരെയും അമാലേക്യരെയും ചെന്നു ആക്രമിച്ചു; ... എന്നാൽ ദാവീദ് ആ ദേശത്തെ ആക്രമിച്ചു, പുരുഷന്മാരെയും സ്ത്രീകളെയും ജീവനോടെ വെച്ചേച്ചില്ല, ആടുമാടുകൾ, കഴുതകൾ, ഒട്ടകങ്ങൾ, വസ്ത്രങ്ങൾ എന്നിവയൊക്കെയും അപഹരിച്ചു ... (27:8, 9)

സിക്ലാഗിനു തെക്കുഭാഗത്തായിരുന്നു അമാലേക്യരും, ഗെസ്രിയരും, ഗെശൂര്യരും താമസിച്ചിരുന്നത്. ഫെലിസ്ത്യക്കും മിസ്രയീമിനും ഇടയ്ക്കുള്ള മരുഭൂമിയിൽ അല്പകാലത്തേക്കു താമസിച്ചിരുന്നവരായിരുന്നു ഗെശൂര്യർ.[12] ഗെസ്രിയരെക്കുറിച്ചു നമുക്ക് ഒന്നും അറിയില്ല; ഇവിടെ മാത്രമെ അവരെക്കുറിച്ചു സൂചിപ്പിക്കുന്നുള്ളൂ. പ്രധാനപ്പെട്ട സംഘമായിരുന്നു അമാലേക്യർ. അവർ ഏശാവിന്റെ പിൻഗാമികളായ, ബെദോവ്യരായിരുന്നു (ഉൽപത്തി 36:12, 16).

അവർ വലിയ ദേശവും, ശക്തരായ ആളുകളുമായിതീർന്നു.[13] ആ മൂന്നു ദേശങ്ങളും ഫെലിസ്ത്യരുടേയും യിസ്രായേലിന്റേയും ശത്രുക്കളായിരുന്നു.[14]

അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരെ ദേശത്തുനിന്നു ഓടിക്കുവാൻ, യിസ്രായേൽ ജനത്തോടു യോശുവ പറഞ്ഞതു തന്നെയല്ലേ ദാവീദ് ചെയ്തത് – അല്ലെങ്കിൽ ശൗലിനോടു, അമാലേക്യരെ "മുഴുവൻ നശിപ്പിക്കുക" എന്നു പറഞ്ഞതനുസരിച്ചല്ലേ ദാവീദും ചെയ്തതു എന്ന് ഒരാൾ വാദിച്ചേക്കാം (1 ശമുവേൽ 15:3, 8, 9). എങ്ങനെയായാലും, നമ്മുടെ വേദഭാഗം പറയുന്നു, ദാവീദ് എല്ലാ സ്ത്രീകളേയും പുരുഷന്മാരെയും (ഒരുപക്ഷെ കുട്ടികളെയും) കൊന്നതു ദൈവത്തെ അനുസരിക്കാതിരുന്നതല്ല, പിന്നെയോ തന്റെ ഗതി മറച്ചു പിടിക്കുന്നതിനായിരുന്നു. 27:11 നോക്കുക: "ദാവീദ് ഇങ്ങനെയൊക്കെയും ചെയ്തു അവൻ ഫെലിസ്ത്യരുടെ ദേശത്തു പാർത്ത കാലമൊക്കെയും അവന്റെ പതിവു ഇതായിരുന്നു, 'എന്നു അവർ നമ്മെക്കുറിച്ചു, പറയരുതു എന്നുവെച്ചു' ഗത്തിൽ വിവരം അറിയിപ്പാൻ തക്കവണ്ണം, "ദാവീദ് പുരുഷനെയാകട്ടെ, സ്ത്രീയെയാകട്ടെ, ജീവനോടെ വെച്ചേച്ചില്ല."" അതു നിർണ്ണയിച്ചതും, ശത്രുത–യോടുകൂടിയതുമായ കൂട്ടക്കൊലയായിരുന്നു.

നിങ്ങൾ മരുഭൂമിയിൽ കൂടെ കടന്നുപോകുന്നു എന്നു വിചാരിക്കുക. അതിയായ ചൂടും, ദാഹവും, ക്ഷീണവും നിങ്ങൾക്കുണ്ട്. ദൂരെയായി ഒരു പട്ടണം നിങ്ങൾ കാണുന്നു. അവിടെ പോയി ക്ഷീണം മാറ്റാം എന്നു വിചാരിച്ച്, അവിടേക്കു നിങ്ങൾ പെട്ടെന്നു നടക്കുന്നു; എന്നാൽ അതിനടുത്തെത്തിയപ്പോൾ, എന്തോ കുഴപ്പമുള്ളതായി നിങ്ങൾക്ക് അനുഭവപ്പെട്ടു. പട്ടികൾ ഓരിയിടുന്ന ശബ്ദമല്ലാതെ മറ്റൊന്നും കേൾപ്പാനില്ല, കഴുകന്മാർ തലയ്ക്കുമീതെ വട്ടമിട്ടു പറക്കുന്നു. നിങ്ങൾ ആ ടൗണിന്റെ പുറം ഭാഗത്തെത്തുമ്പോൾ, മരണഗന്ധം നിങ്ങളിലേക്ക് കാറ്റിൽ അലയടിക്കുന്നു. ശ്വാസം അമർത്തിപ്പിടിച്ച്, നിങ്ങൾ കുറച്ചു ചുവടു മുൻപിലേക്കു വയ്ക്കുമ്പോൾ താഴെ പ്രധാന തെരുവീഥി കാണാം. ഏതാണ്ട് പേക്കിനാവിൽ നിന്ന് ഉണർന്നതുപോലെയുള്ള രംഗമാണ് അവിടെ. എല്ലായിടത്തും, മൃതശരീരങ്ങൾ പൊടിയടിച്ചു കിടക്കുന്നു. ആ തെരുവീഥിയുടെ വശത്തുകൂടെ ഒഴുകുന്ന അരുവി രക്തത്തോടുകൂടി ഒഴുകുന്നു. കാട്ടു നായ്ക്കളും ആർത്തിയുള്ള പക്ഷികളും തങ്ങളുടെ വിരുന്നിനായി ശണ്ഠയിടുന്നു. നിങ്ങളുടെ വയറ്റിലുള്ളത് പുറത്തേക്കു വരുന്നതിനു മുൻപ് അവിടെ നിന്നു പുറത്തു കടക്കാൻ ശ്രമിക്കുന്നു. നിങ്ങൾ ആ യാത്രയെ കുറിച്ചു ചിന്തിക്കുമ്പോൾ, നിങ്ങളുടെ ഉള്ളിൽ ഒരു ചോദ്യം ഉയർന്നേക്കാം: "അതു ചെയ്തത് ആരായിരിക്കും? ആരുടെ പണി ആയിരിക്കും?"

അതു ചെയ്തത് *ദാവീദാണ്*; അവൻ – "ദൈവത്തിന് ബോധിച്ച ഹൃദയമുള്ളവൻ," ദൂരെ ദേശത്തേക്കു പോയതിന്റെ പരിണിതഫലമായിരുന്നു അത്.

അതു ഈ ദുഃഖകരമായ സംഭവത്തിന്റെ അവസാനമല്ല. ആ ക്രൂരകൃത്യം നിർവ്വഹിച്ചശേഷം, യുദ്ധത്തിന്റെ നാശവുമായി ദാവീദ് മടങ്ങിവന്നപ്പോൾ, അവൻ ആദ്യം ഗത്ത് രാജാവായ ആഖീശിന്റെ അടുക്കൽ വിവരമെത്തിക്കുവാൻ പോയി കാണും (ഒരുപക്ഷെ അവന്റെ പങ്ക് നൽകിയിരിക്കും). ദാവീദ് അകത്തേക്കു ചെന്നപ്പോൾ, ആഖീശ് ചോദിച്ചു കാണും, "ഇന്നു നീ എവിടെ ആയിരുന്നു ആക്രമിച്ചത്?" ദാവീദ് മറുപടി പറയും, "യെഹൂദ്യ മരുഭൂമിക്കെതിരെയും യെരഹ്മേല്യർക്കെതിരെയും കേന്യ മരുഭൂമിക്കെതിരെയും ആയിരുന്നു" (27:10).

"നിഗേവ്" (ഇതിനെ "നിഗേബ്" എന്നും തർജ്ജിമ ചെയ്യാം) അർത്ഥം

“വരണ്ട സ്ഥലം” അല്ലെങ്കിൽ “മരുഭൂമി.”[15] അത് അന്നും (ഇന്നും) ബേർശേബാ മുതൽ സീനായി പർവ്വത നിരവരെ വ്യാപിച്ചു കിടക്കുന്ന വിശാലമായ മരു ഭൂമിയാണ്. “യെഹൂദ്യ മരുഭൂമി” എന്നത് ഒരു പൊതുവായ പദമാണ്, അത് സൂചിപ്പിക്കുന്നത് യെഹൂദ്യയുടെ ദക്ഷിണഭാഗത്ത് കുടിയേറി പാർത്ത യിസ്രാ യേല്യരെയാണ്. “യെരഹ്മേല്യ മരുഭൂമി” ഹെബ്രോന് അടുത്തുള്ള മരുഭൂമി ആയിരിക്കും. യെരഹ്മേല്യർ ബന്ധപ്പെട്ടിരിക്കുന്നതും, ഏറ്റവും അടുപ്പമുള്ളതും, കാലേബ്യരുമായിട്ടായിരുന്നു (1 ദിനവൃത്താന്തം 2; സംഖ്യാപുസ്തകം 13; യോശുവാ 14; 15). “കേന്യ മരുഭൂമി” ബെർശേബക്ക് തെക്കു മാറി സ്ഥിതി ചെയ്തിരുന്ന പ്രാകൃതമായ പ്രദേശമായിരിക്കാം. കേന്യർ മോശെയുടെ കാലം മുതൽ യിസ്രായേലുമായി ബന്ധപ്പെട്ടിരുന്നു; മോശെയുടെ അമ്മായി-അപ്പൻ, യിത്രോ, ഒരു കേന്യൻ ആയിരുന്നു (ന്യായാധിപന്മാർ 1:16).

മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദാവീദ് ആഖീശിനോടു പറഞ്ഞത് താൻ യിസ്രായേലിനെയും അവരുടെ സഖ്യ കക്ഷികളെയും ആയിരുന്നു ആക്രമി ച്ചത് എന്നാണ് - ആഖീശ് അതു വിശ്വസിക്കുകയും ചെയ്തു. തനിക്കു സമ്മാ നങ്ങൾ കൊണ്ടു വരികയും, അവൻ ഇനി ഒരിക്കലും യെഹൂദ്യയിലേക്കു തിരിച്ചു പോകാതിരിക്കത്തക്ക രീതിയിൽ അവൻ കാര്യങ്ങൾ സ്വയം നിർവ്വ ഹിക്കുകയും ചെയ്തപ്പോൾ, ആഖീശ് വിചാരിച്ചത് ദാവീദ് തന്റെ ദേശത്തിന്റെ തെക്കേ അതിർത്തി കാത്തുകൊള്ളുകയാണെന്നാണ്. സന്തോഷത്തോടെ ആഖീശ് മറുപടി പറഞ്ഞതിൽ എനിക്കു കാണാൻ കഴിയുന്നത്, “അവൻ യിസ്രായേലിന്ന് വെറുപ്പുണ്ടാക്കുന്നവനായതു കൊണ്ട്; അവൻ തീർച്ചയായും എന്നേക്കും തന്റെ ദാസനായിരിക്കും” (27:12). ദാവീദിന് നല്ല ഒരു നുണയ നായി തീരുവാൻ കഴിഞ്ഞത് ഓർക്കുമ്പോൾ വേദന തോന്നുന്നു - എത്ര വിദ ഗ്ദ്ധമായിട്ടാണ് അവൻ രാജാവിനെ വഞ്ചിച്ചത്. ദാവീദിന് ശൗലിനോടും നാബാ ലിനോടും അമർഷമുണ്ടായിക്കാണും കാരണം അവർ അവന്റെ നന്മയ്ക്കു പകരം തിന്മയാണ് തിരിച്ചു നൽകിയത്. ഇപ്പോൾ അവൻ ആഖീശിനോടു പെരു മാറുന്നതും അത്തരത്തിലാണ്. ആഖീശിന്റെ അതിഥി സൽക്കാരത്തിന് അവൻ തിരിച്ചു നൽകിയത് നുണകളും വഞ്ചനയുമായിരുന്നു!

നിങ്ങളുടെ ആത്മാർത്ഥതയെ ഹനിക്കാതെ നിങ്ങൾക്കു ദൂരദേശത്തേക്കു പോകുവാൻ കഴിയുകയില്ല. ഒരുപക്ഷെ നിങ്ങൾ അവിടെ പോയാലും ക്രിസ്തീയ നിലവാരം അനുസരിച്ചു ജീവിക്കും എന്നു പറഞ്ഞേക്കാം. “ഇപ്പോൾ എനിക്കുപോകേണ്ടത് ആവശ്യമാണ്, എന്നാൽ അതു കുറച്ചുകാല ത്തേക്കു മാത്രമാണ്. അത് എന്തെങ്കിലും ദോഷമെന്നിൽ വരുത്തുന്നതിനു മുൻപ് ഞാൻ പുറത്തു കടക്കും” എന്നും, നിങ്ങൾ പറഞ്ഞേക്കാം. ഇത് അട യാളപ്പെടുത്തുക: നിങ്ങളെ അതു ബാധിക്കും.

**അവ്യക്തതക്കുവേണ്ടി അയാൾ
ഉദ്ദേശവ്യക്തത കൈമാറി**

അദ്ധ്യായം 28 തുടങ്ങുമ്പോൾ, ഫെലിസ്ത്യർ യിസ്രായേലിന്റെ സൈന്യ ത്തിനും ശൗലിനുമെതിരായുള്ള യുദ്ധത്തിന് തയ്യാറെടുക്കുകയായിരുന്നു. ആഖീശ് ദാവീദിനെ വിളിച്ചു അവനോടു പറഞ്ഞു, “നീയും നിന്റെ ആളു കളും, എന്നോടുകൂടെ യുദ്ധത്തിന് പോരേണം എന്ന് അറിഞ്ഞുകൊൾക” (28:1). പുരാതന പൂർവ്വ ദിക്കിനടുത്ത്, ഒരു രാജ്യത്തിൽ അഭയസ്ഥാനം വേണ മെന്നുണ്ടെങ്കിൽ സൈനിക സേവന ബാധ്യതയും ഉൾപ്പെട്ടിരുന്നു.

ദാവീദിന്റെ ഇപ്പോഴത്തെ ധർമ്മസങ്കടത്തെ പരിഗണിക്കുക. ആഖീശിനോടുകൂടെ ദാവീദ് പോയില്ലെങ്കിൽ അവന്റെ കള്ളക്കളി വെളിച്ചത്താവും. എങ്ങനെയായാലും, പോവുക എന്നാൽ, വർഷങ്ങളായി ഒഴിവാക്കിയ ഒന്നിൽ ദാവീദ് ഉൾപ്പെടേണ്ടിവരും; ദൈവത്തിന്റെ അഭിഷിക്തനെതിരായി അവന് യുദ്ധം ചെയ്യേണ്ടിവരും, അവന്റെ സ്നേഹിതനായ യോനാഥാന് എതിരായി യുദ്ധം ചെയ്യേണ്ടിവരും എന്നത് സൂചിപ്പിക്കേണ്ടതില്ല. ഒരു ദൈവമകൻ ദൂരദേശത്തേക്കു പോകുമ്പോൾ നേരിടേണ്ടിവരുന്ന അസുഖകരമായ ഒരവസ്ഥയാണിത്.

ദാവീദിന്റെ മറുപടി അവ്യക്തമായിരുന്നു: "അടിയൻ എന്തു ചെയ്യും, എന്ന് നീ കണ്ടറിയും എന്നു പറഞ്ഞു" (28:2). ആഖീശ് ദാവീദിന്റെ വാക്കുകളെ ഒരു പിൻതുണയുള്ള പ്രതിജ്ഞയായി എടുത്തു മറുപടി പറഞ്ഞു, "അതുകൊണ്ടു, ഞാൻ നിന്നെ എപ്പോഴും എന്റെ മെയ് കാവൽ ആക്കും എന്നു പറഞ്ഞു" (28:2). മറ്റൊരു വാക്കിൽ, "ഞാൻ നിന്നെ വിശ്വസിക്കുന്നു, അതുകൊണ്ടു ഞാൻ എന്റെ ജീവൻ നിന്റെ കൈകളിൽ ഏൽപ്പിക്കുന്നു!" എങ്ങനെയായാലും, ദാവീദ് അർത്ഥമാക്കിയത്, താൻ എന്തു ചെയ്യുവാൻ പോകുന്നു എന്ന് ആഖീശ് "കണ്ടറിയും" എന്നാണ്. ദാവീദ് അർത്ഥമാക്കിയത് എന്താണെന്ന് ആർക്കറിയാം? ദൂരദേശത്ത്, എല്ലാം നോട്ടത്തിനപ്പുറമായി തീരുന്നു.

ഫെലിസ്ത്യർ അവരുടെ സൈന്യത്തെ, വടക്കേ അറ്റത്തുള്ള ശൂനേമിൽ കൂട്ടിച്ചേർത്തു (28:4), എന്നാൽ യിസ്രായേല്യർ താഴ്വരക്കെതിരെ പാളയമടിച്ചിരുന്നു, അത് ഗെസരേൽ പട്ടണത്തിനടുത്തായി, ഗിൽബോവ പർവ്വതത്തിന്റെ താഴെയുള്ള ചെരിവിൽ ആയിരുന്നു (28:4; കൂടാതെ നോക്കുക 29:1). അദ്ധ്യായം 29 തുടങ്ങുമ്പോൾ, ഫെലിസ്ത്യരുടെ മുഖ്യ സൈന്യം വടക്കോട്ടു മാർച്ചു ചെയ്യുകയാണ്. വാക്യം 2 പറയുന്നത് ദാവീദും അവന്റെ ആളുകളും ആഖീശിന്റെ സൈന്യത്തോടൊപ്പം അണിനിരക്കുകയായിരുന്നു എന്നാണ്. ശൂനേമിനു ഏതാണ്ടു നാല്പതു മൈൽ അകലെയുള്ള, അഫേക്കിൽ എത്തുന്നതുവരെ സൈന്യം മാർച്ചു ചെയ്തുകൊണ്ടേയിരുന്നു. അവിടെ അവർ നിന്ന് അവരുടെ സംഘങ്ങളെ സംഘടിപ്പിച്ചു (29:1).

അഫേക്കിലേക്ക് മൂന്നു ദിവസത്തെ വഴി ഉണ്ടായിരുന്നു (നോക്കുക 1 ശമുവേൽ 30:1). ദാവീദിനു തന്റെ ആപൽക്കരമായ അവസ്ഥയെ കുറിച്ചു ചിന്തിക്കുവാൻ നീണ്ട മൂന്നു ദിവസം ഉണ്ടായിരുന്നു കാരണം അവൻ ജീവിതത്തിന്റെ ഇരട്ടത്താപ്പ് സ്വീകരിക്കുന്ന ത്വരയിലായിരുന്നു. അവന്റെ ചിന്തകളെ ഊഹിക്കുക: "ഞാൻ എന്തു ചെയ്യും? എനിക്കോ എന്റെ ആളുകൾക്കോ ദൈവത്തിന്റെ അഭിഷിക്തനെതിരായി യുദ്ധം ചെയ്യുവാൻ കഴിയുകയില്ല ...ഒരുപക്ഷെ യുദ്ധം ചെയ്യേണ്ടിവന്നാലും, ശൗലിനെയോ യോനാഥാനെയോ തൊടുകയില്ല. ഇല്ല, അങ്ങനെ ചെയ്താൽ അതിനർത്ഥം അതു നമ്മുടെ സ്വന്തജനത്തിനെതിരായുള്ള യുദ്ധം എന്നായിരിക്കും. ദൈവത്തിന്റെ അഭിഷിക്തനെ ഉപദ്രവിക്കരുത് എന്നു മാത്രമല്ല ദൈവം എനിക്കു കാണിച്ചു തന്നിട്ടുള്ളത്; മറ്റുള്ളവർ അവനെ ഉപദ്രവിക്കുന്നതും ഞാൻ തടയേണ്ടതായിട്ടുണ്ട് ... ഒരുപക്ഷെ ഞങ്ങൾ യുദ്ധത്തിൽ ഏർപ്പെടുകയും, ഞാനും എന്റെ ആളുകളും പിന്നിലായി അണിനിരന്ന് യുദ്ധം ആരംഭിക്കുകയും ചെയ്യുമ്പോൾ, ഞങ്ങൾ സൈന്യത്തിനു പുറകിൽ നിന്നു ഫെലിസ്ത്യരെ ആക്രമിക്കുമ്പോൾ ശൗലിന്റെ സൈന്യം മുൻപിൽ നിന്ന് അവരെ ആക്രമിക്കും. ഇല്ല, അത് നടക്കുകയില്ല കാരണം ഞങ്ങൾ

ശൗലിന്റെ സൈന്യത്തിനടുത്തെത്തുമ്പോൾ, അവൻ എന്നെ കൊല്ലുവാൻ സൈന്യത്തോടു കല്പിക്കും. പിന്നെ ഞങ്ങൾക്ക് ഒന്നിനുപകരം രണ്ടു സൈന്യത്തോട് യുദ്ധം ചെയ്യേണ്ടി വരും ... ഞാൻ ചിലപ്പോൾ എനിക്കിതു ചെയ്യുവാൻ സാധ്യമല്ല എന്ന് ആഖീശിനോടു ഉടനെ പറഞ്ഞേക്കാം. എന്നാൽ ഞാൻ അങ്ങനെ ചെയ്താൽ, ഫെലിസ്ത്യ സൈന്യമൊക്കെയും ഞങ്ങളുടെ മേൽ വീണ് ഞങ്ങളെ നശിപ്പിച്ചു കളയും ... ഒരുപക്ഷെ ഞങ്ങൾക്ക് യുദ്ധം ചെയ്യുന്നതായി മാത്രം അഭിനയിക്കാം, അതേ സമയം യഥാർത്ഥത്തിൽ യുദ്ധം ചെയ്യാതെയുമിരിക്കാം. നേരെ മറിച്ച്, ഞങ്ങളെ സ്വയം പ്രതിരോധിച്ചില്ലെങ്കിൽ, അത് ആത്മഹത്യാപരമായി തീരും ... ഞാൻ എന്തു ചെയ്യും? എന്ത്? എന്ത്?!"

അഫേക്കിൽ, സൈന്യത്തിലെ അവസാന സംഘം പാളയമടിക്കുവാൻ വന്നപ്പോൾ, ഫെലിസ്ത്യസൈന്യാധിപന്മാർ ആഖീശിന്റെ സൈന്യത്തിൽ ദാവീദും അവന്റെ ആളുകളും ഉള്ളതായി കണ്ടു. ദേഷ്യത്തോടെ, അവർ ആഖീശിനെ നേരിട്ടു:

> ഫെലിസ്ത്യ പ്രഭുക്കന്മാർ "ഈ എബ്രായർ[16] എന്തിന്?" എന്നു ചോദിച്ചപ്പോൾ, ആഖീശ് ഫെലിസ്ത്യ പ്രഭുക്കന്മാരോടു, "ഇവൻ യിസ്രായേൽ രാജാവായ, ശൗലിന്റെ ഭൃത്യനായിരുന്ന ദാവീദല്ലയോ? ഇത്ര നാളായി ഇത്ര സംവത്സരമായി, അവൻ എന്നോടുകൂടെ പാർക്കുന്നു,[17]അവൻ എന്നെ ആശ്രയിച്ചതു മുതൽ, ഇന്നുവരെ ഞാൻ അവനിൽ ഒരു കുറ്റവും കണ്ടിട്ടില്ല എന്നു പറഞ്ഞു" (29:3).

ദാവീദിന്റെ പ്രവൃത്തികളെ കുറിച്ച് ആഖീശ് വിവരിക്കുന്നത് ശ്രദ്ധിക്കുക: "അവൻ എന്നെ *ഉപേക്ഷിച്ചു.*" ഫെലിസ്ത്യയിലേക്കുള്ള തന്റെ പിൻവാങ്ങൽ "ഒരു കുശാഗ്ര സൈനിക പ്രവൃത്തിക്ക്" അല്ലെങ്കിൽ "ഒരു പ്രായോഗിക കാര്യ നിർവ്വഹണത്തിന്" ആയിരുന്നതായി ദാവീദ് ചിന്തിച്ചേക്കാം; ആഖീശ് അതിനെ "ഉപേക്ഷിക്കൽ" എന്നാണു വിളിച്ചത്. നാം ദൂരദേശത്തേക്കു പോകുമ്പോൾ, നമ്മുടെ ലക്ഷ്യത്തെ സംബന്ധിച്ച് നാം സ്വയം വഞ്ചിതരാകാം, എന്നാൽ നമുക്ക് നമ്മെ കാണാൻ കഴിയുന്നതിനേക്കാൾ വ്യക്തമായി പലപ്പോഴും അവിടെയുള്ള നിവാസികൾക്ക് നമ്മെ കാണാൻ കഴിയും.

ഈ സമയത്ത്, ദൈവം ഇറങ്ങി വന്ന് തന്റെ ഏറ്റവും അസാമാന്യ ശക്തിയാൽ ദാവീദിന്റെ "അസാധ്യ പ്രവൃത്തി" പരിഹരിച്ചു: അത് ഫെലിസ്ത്യ പ്രഭുക്കന്മാരാൽ ആയിരുന്നു. ദാവീദ് ആഖീശിന്റെ പ്രതിരോധമാണെന്നു പറഞ്ഞത് സൈന്യാധിപന്മാർക്കു തൃപ്തികരമായി തോന്നിയില്ല.[18] അവർ ആഖീശിനോടു കല്പിച്ചു, "നീ അവനെ മടക്കി അയക്ക" (29:4).

ആഖീശ് ദാവീദിനെ സംശയിക്കാതെ വിശ്വസിച്ചുവെങ്കിലും, അവൻ ദാവീദിനെ വിളിക്കുകയും[19] അവനോടും അവന്റെ ആളുകളോടും സൈന്യാധിപന്മാർ ആവശ്യപ്പെട്ടതുകൊണ്ട്, സിക്ലാഗിലേക്ക് തിരിച്ചു പോകണമെന്ന് പറഞ്ഞു. അവന്റെ അഭിനയം നിലനിർത്തുവാൻ, ദാവീദിന് എതിർക്കേണ്ടി വന്നു. എങ്ങനെയായാലും, അവന്റെ എതിർപ്പിനുപോലും, അവ്യക്തതയുണ്ടായിരുന്നു: "അനന്തരം ദാവീദ് ആഖീശിനോടു പറഞ്ഞു, 'എന്നാൽ ഞാൻ എന്തു ... എന്റെ യജമാനനായ രാജാവിന്റെ ശത്രുക്കളുടെ നേരെ ഞാൻ ചെന്നു പൊരുതുകൂടാതെവണ്ണം, നിന്നോടുകൂടെ ഇരുന്നനാൾ മുതൽ ഇന്നുവരെ നീ അടിയ

നിൽ എന്തു കണ്ടിരിക്കുന്നു എന്നു ചോദിച്ചു?'" (29:8) "എന്റെ യജമാന നായ രാജാവിന്റെ ശത്രുക്കൾ" എന്നത് ആഖീശിന്റെ ശത്രുക്കളെ ഉദ്ദേശിച്ചായിരിക്കും - അല്ലെങ്കിൽ ശൗലിന്റെ ശത്രുക്കളെ ഉദ്ദേശിച്ചായിരിക്കും.[20]

ദാവീദിന്റെ വാക്കുകളുടെ അർത്ഥം എന്തായിരുന്നാലും, തനിക്കു ലഭിച്ച അവസരം ഉപയോഗിക്കുവാൻ അവൻ ഒട്ടും സമയം പാഴാക്കിയില്ല. അടുത്ത ദിവസം സൂര്യനുദിക്കുന്നതിനു മുൻപു, അവനും അവന്റെ ആളുകളും സിക്ലാഗിലേക്കു പോയി, ഫെലിസ്ത്യരോ അവരുടെ ശൗലുമായുള്ള വിധി നിർണ്ണായകമായ ഏറ്റുമുട്ടൽ തുടർന്നു.[21]

ദാവീദ് വീട്ടിലേക്കു മടങ്ങിപോയപ്പോൾ, അവനു വലിയ ആശ്വാസം ഉണ്ടായിക്കാണും. എന്നിരുന്നാലും, തന്റെ വഞ്ചന തിരിച്ചറിയാതെ ആഖീശ് അവനിൽ വിശ്വാസം അർപ്പിച്ചു പുകഴ്ത്തിയതോർത്തു അവന്റെ മനസാക്ഷി വേദനിച്ചിരിക്കാം.[22]

നിങ്ങളുടെ ജീവിതത്തിൽ ആത്മാർത്ഥത നിലനിർത്തിയാൽ, എന്തെങ്കിലും നേടിയാലും ഇല്ലെങ്കിലും; നിങ്ങൾ വിജയിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നേരെമറിച്ചു, നിങ്ങളുടെ ജീവിതത്തിൽ ആത്മാർത്ഥത നഷ്ടമാക്കിയാൽ, എന്തെങ്കിലും നേടിയാലും ഇല്ലെങ്കിലും, ജീവിതം പരാജയമായിരിക്കും. "ഞാൻ എന്റെ ആത്മാർത്ഥതയിൽ ജീവിച്ചു" എന്നു അവസാനം, പറയുവാൻ കഴിയുന്ന വിധത്തിലായിരിക്കണം ജീവിക്കേണ്ടത് (സങ്കീർത്തനങ്ങൾ 26:1–4).

### ഏറ്റവും മോശമായ ഒന്നിനുവേണ്ടി അവൻ മോശമായ സാഹചര്യം കൈമാറി

ദാവീദിനും അവന്റെ ആളുകൾക്കും സിക്ലാഗിലേക്കുള്ള തിരിച്ചു പോക്ക് ദൂരദേശത്തേക്കുള്ള യാത്രക്കിടയിൽ പാറയിൽ ചെന്ന് ഇടിക്കുന്നതുപോലെയായിരുന്നു.

> ദാവീദും അവന്റെ ആളുകളും മൂന്നാം ദിവസം സിക്ലാഗിൽ എത്തിയപ്പോൾ, അമാലേക്യർ തെക്കെദേശവും സിക്ലാഗും ആക്രമിച്ചു, സിക്ലാഗിനെ ജയിച്ചു അതിനെ തീവെച്ചു ചുട്ടുകളഞ്ഞിരുന്നു;... ദാവീദും അവന്റെ ആളുകളും പട്ടണത്തിലേക്കു വന്നപ്പോൾ, അതു, തീ വെച്ചു ചുട്ടിരിക്കുന്നതും, ഭാര്യമാരെയും പുത്രീപുത്രന്മാരെയും അടിമകളായി കൊണ്ടുപോയിരിക്കുന്നതും കണ്ടു ... അപ്പോൾ ദാവീദിന്റെ രണ്ടു ഭാര്യമാരെയും അവർ അടിമകളായി പിടിച്ചുകൊണ്ടുപോയിരുന്നു, ... (30:1–3, 5).

ദാവീദ് സിക്ലാഗിൽ എത്തിയപ്പോൾ തെക്കോട്ടു സഞ്ചരിച്ചു ദിവസംതോറും അമാലേക്യ പട്ടണങ്ങളെ എല്ലാം ആക്രമിച്ചിരുന്നു. ആ പട്ടണ നിവാസികളെയെല്ലാം കൊന്നൊടുക്കിയത് ഓർമ്മയില്ലേ? വല്യമ്മ പറയാറുണ്ട്, "ചുറ്റും പോകുന്നതാണ്, ചുറ്റും വരുന്നത്." നിഗേവിനെ അമാലേക്യർ ആക്രമിക്കുന്നതു അസാധാരണമായിരുന്നില്ല (യെഹൂദ്യയുടെയും ഫെലിസ്ത്യയുടെയും തെക്കുഭാഗങ്ങൾ[23]), എന്നാൽ സിക്ലാഗ് ചുട്ടുകളഞ്ഞതു അസാധാരണമായിരുന്നു. ദാവീദിനു മുൻകരുതൽ ഉണ്ടായിട്ടുപോലും, ദാവീദും അവന്റെ ആളുകളുമായിരുന്നു ആ കൂട്ടക്കുരുതിക്കു ഉത്തരവാദികളെന്ന വാർത്ത അമാലേക്യരിൽ എത്തി.

നിങ്ങളുടെ സങ്കല്പം അല്പം കൂടെ ഉയർത്തുക. അഫേക്കിൽ നിന്നു സിക്ലാഗിലേക്കുള്ള ദൂരം ഏതാണ്ട് എഴുപതു എൺപതു മൈൽ വരും. അതു വിഷമകരമായ മൂന്നു - ദിവസ യാത്രയായിരുന്നു. ദാവീദും അവന്റെ ആളുകളും ക്ഷീണിച്ച് അവശരായിട്ടാണ്, കുടുംബാംഗങ്ങളുമായി ഒത്തുചേരുവാൻ വീട്ടിലെത്തിയത്. അവർ എങ്ങനെയായാലും, അവസാനം എത്തേണ്ട സ്ഥാനത്തെത്തിയപ്പോൾ, വിസ്മയത്തോടെയുള്ള നിലവിളിയായിരുന്നു ഉയർന്നത്. പട്ടണമായിരുന്ന സ്ഥലത്ത്, ഇപ്പോൾ നശിക്കപ്പെട്ട അവശിഷ്ടങ്ങൾ മാത്രമാണ് ഉള്ളത്. ആ ചെരിവിലൂടെ താഴേക്കു അവർ തകർന്ന അവിശിഷ്ടങ്ങളും പുകയും നിറഞ്ഞിരിക്കുന്നതിനിടയിലൂടെ, അവരുടെ ഭാര്യമാരുടെയും മക്കളുടെയും പേരു പറഞ്ഞു വിളിച്ചുകൊണ്ട് ഓടി. അവർക്ക് ഉത്തരമൊന്നും ലഭിച്ചില്ല; തീക്കനലിന്റെയും കാറ്റിന്റെയും വിലാപം മാത്രം കേട്ടു.

ഗുരുതരമായ ഭീതിയോടെ, അവർ അപ്പോഴും - ചൂടുള്ള ചരൽക്കല്ലുകൾ അവരുടെ വെറും കൈകൾ കൊണ്ട്, പൊള്ളലേറ്റു തളർന്നുവീഴുന്നതുവരെ കുഴിച്ചു. ചുടുകണ്ണീർ ഒഴുകിക്കൊണ്ടിരുന്നു, അവരുടെ മുഖങ്ങൾ കരിയും ചാരവും പുരണ്ടതുമായിത്തീർന്നു. “അപ്പോൾ ദാവീദും കൂടെയുള്ള ജനവും കരവാൻ ബലമില്ലാതാകുവോളം ഉറക്കെ കരഞ്ഞു” (30:4).

1993-ലെ അധഃപ്പതനകാലത്ത് ഞാനിത് എഴുതുമ്പോൾ, കാട്ടുതീ ലോസ് ആഞ്ചെലെസിൽ നാശം വിതച്ചുകൊണ്ടിരുന്നു. ആളുകൾ തങ്ങളുടെ വീടുകളിലേക്ക് മടങ്ങിപ്പോകുന്നതും, അടിസ്ഥാനമൊഴിച്ച് ബാക്കിയെല്ലാം ഇല്ലാതായതും നാം കണ്ടു. ആ രംഗം കണ്ടിട്ട് തലയാട്ടിക്കൊണ്ട്, “പോയി. എല്ലാം പോയി” എന്നു പറഞ്ഞ ആളുകളുടെ മുഖങ്ങൾ നാം കണ്ടു. മറ്റുള്ളവർ വീണുപോകുന്നതും നാം കണ്ടു. ചിലർ ആ ചാരത്തിനിടയിൽ, കൂട്ടനാശത്തിൽ നശിക്കാത്തതായി എന്തെങ്കിലും ഉണ്ടോ എന്ന് പരതുന്നതും നാം കണ്ടു. ദാവീദിന്റെയും കൂട്ടരുടെയും ആ നിമിഷത്തെ വികാരങ്ങൾ മനസ്സിലാക്കുവാൻ കുറെയൊക്കെ ഇതു സഹായിക്കും.

എങ്ങനെയായാലും, സിക്ലാഗിലെ ദുരിതാവസ്ഥ തീർന്നില്ല. ആളുകൾ സ്വയം മന്ത്രിക്കുകയും, നെടുവീർപ്പിടുകയും ചെയ്ത് ദാവീദിന്റെ നേർക്ക് ഇരുണ്ട നോട്ടം തൊടുത്തുവിട്ടു. സംഭാഷണത്തിന്റെ പല്ലവികൾ ദാവീദിന്റെ ചെവിയിൽ എത്തി: “യെഹൂദ്യയിൽ താമസിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരിക്കലും സംഭവിക്കുമായിരുന്നില്ല!”; “നമ്മുടെ കുടുംബാംഗങ്ങളെ കാത്തുകൊൾവാൻ അവൻ കുറെപ്പേരെയെങ്കിലും ഇവിടെ വിട്ടിട്ടു പോകുമായിരുന്നു!”; “ഇതെല്ലാം ദാവീദിന്റെ തെറ്റാണ്!” വാക്യം 6 പറയുന്നു, “ദാവീദ് വലിയ കഷ്ടത്തിലായി, ജനത്തിൽ ഓരോരുത്തന്റെ ഹൃദയം താന്താന്റെ പുത്രന്മാരെയും പുത്രിമാരെയും കുറിച്ച് വ്യസനിച്ചിരിക്ക കൊണ്ട്, അവനെ കല്ലെറിയണമെന്ന് ജനം പറഞ്ഞു.” “ദാവീദ് കഷ്ടത്തിലായി” എന്ന പദപ്രയോഗം തർജ്ജിമ ചെയ്യുവാൻ സാധിക്കുമായിരിക്കും. ദാവീദ് അദുല്ലാം ഗുഹയിൽ ആയിരുന്നതിനേക്കാൾ അധികമായി ഇപ്പോൾ ഒറ്റപ്പെട്ടിരിക്കുന്നു (സങ്കീർത്തനം 142:4). അന്ന് അവനുചുറ്റും ഇഴജന്തുക്കൾ പ്രാണികൾ എന്നിവ ഉണ്ടായിരുന്നു; ഇപ്പോൾ അവനുചുറ്റും കോപത്തോടെ അറുന്നൂറുപേർ കൈകളിൽ കല്ലുകളുമായി നിൽക്കുന്നു. ശൗൽ അവനെ കൊല്ലാതിരിക്കേണ്ടതിനാണ് അവൻ ഫെലിസ്ത്യയിലേക്ക് ഓടി പോയത്; ഇപ്പോൾ അവനെ കൊല്ലുവാൻ അവന്റെ സൈന്യം തന്നെ ഒരുങ്ങിയിരിക്കുന്നു.

മുടിയനായ പുത്രൻ തന്റെ വീടുവിട്ട് ആദ്യം പോകുമ്പോൾ അവനു ചുറ്റും

വലിയ വെളിച്ചവും വലിയ കൂട്ടവും ഉണ്ടായിരുന്നതുകൊണ്ട്, താൻ എടുത്ത തീരുമാനം ശരിയായിരുന്നുവെന്ന് തീർച്ചയായും അവനു തോന്നിക്കാണും. എങ്ങനെയായാലും, അധികം കഴിയുന്നതിനു മുൻപ്, അവൻ കഴിഞ്ഞത് പന്നികൾ മാത്രമുള്ള സ്ഥലത്തായിരുന്നു, ഓരോ തവണയും അവയുടെ തൊട്ടിയിൽ നിന്ന് വാളവര എടുത്തു ഭക്ഷിക്കുന്നത് അസൂയയോടെ നോക്കിക്കൊണ്ടുനില്ക്കുന്ന, ആർത്തിയുള്ള പന്നികൾ[24] ആയിരുന്നു, അവനു ചുറ്റും ഉണ്ടായിരുന്നത്. അതാണ് ദൂരദേശത്തേക്ക് പോകുമ്പോൾ ഉള്ള അവസ്ഥ. അത് നിങ്ങൾക്കു മുൻപിൽ കളിപ്പാട്ടം തൂക്കിയിട്ടു കാണിക്കും, പിന്നെ എടുത്തു കളയും. മയക്കുമരുന്ന് അസാമാന്യ സുഖത്തെ വാഗ്ദാനം ചെയ്യുന്നു, പിന്നെ ഒരാളുടെ ജീവിതം നരക തുല്യമാക്കും. വീടുവിട്ട് പോകുന്നത് സ്വാതന്ത്ര്യത്തെ വാഗ്ദാനം ചെയ്യും, പിന്നെ നല്കുന്നത് ഏകാന്തതയും നിരാശയും ആയിരിക്കും. വിവാഹമോചനം ആദ്യം ആശ്വാസം വാഗ്ദാനം ചെയ്യും, പിന്നെ നീരസത്തോടെ പറയും, "എന്നാൽ അത് വാസ്തവത്തിൽ ഇനിയും അവസാനിക്കുന്നില്ല!" ദൂരദേശ വാഗ്ദാനങ്ങളാൽ വഞ്ചിക്കപ്പെടാതിരിക്കുക, അല്ലെങ്കിൽ നിങ്ങൾക്കും, അസുഖകരമായ സാഹചര്യത്തെ കൊടുംദുരന്തത്തിനായി കൈമാറേണ്ടിവരും!

### നിഷേധമായ ഒന്നിനുവേണ്ടി അവൻ ക്രിയാത്മക സ്വാധീനം കൈമാറി

ദാവീദ് ഒറ്റയ്ക്കല്ല ദൂരദേശത്തിലേക്കു പോയതെന്നതിന് നാം ഊന്നൽ കൊടുക്കണം; അവൻ മറ്റുള്ളവരേയും തന്നോടുകൂടെ കൂട്ടി (30:2, 3). ദാവീദ് തന്നോടുകൂടെ അറുന്നൂറുപേരെയും കൂട്ടിയാണ് പോയത്. അവർ അവനോടുകൂടെ വരുമ്പോൾ ഒന്നുമല്ലാതിരുന്നവർ ആയിരുന്നുവെങ്കിലും, അവരെ അവൻ പരിശീലിപ്പിച്ച് അവനെവിടെ പോകുന്നുവോ അവിടെയെല്ലാം അവനോടൊപ്പം പോകുന്ന രീതിയിൽ കൂട്ടി-യോജിപ്പിച്ച ഗറില്ല പോരാളികളെ പോലെ രൂപപ്പെടുത്തിയിരുന്നു (2 ശമുവേൽ 23:13-17). ദാവീദ് അവരുടെയും തന്റെയും കുടുംബങ്ങളെയും തന്നോടൊപ്പം കൊണ്ടുപോയിരുന്നു. അതിലുപരിയായി, ദാവീദിന്റെ ബഹുമതി വർദ്ധിച്ചപ്പോൾ, അടുത്തുള്ള യിസ്രായേൽ ഗോത്രത്തിൽ നിന്നുള്ള ആളുകൾ സിക്ലാഗിൽ അവന്റെ അടുക്കലേക്കു വരികയും ചെയ്തു.[25] ഒരു അന്യദേവനെ അനുസരിക്കുന്ന സമൂഹത്തിൽ വസിക്കുമ്പോൾ ഉണ്ടാകുന്ന പരീക്ഷണത്തെ എല്ലാവർക്കും നേരിടേണ്ടി വന്നു എന്നതായിരുന്നു ആരംഭത്തിൽ സംഭവിച്ചത്. അവസാനം, സ്ത്രീകളെയും കുട്ടികളെയും പിടിച്ചുകൊണ്ടുപോവുകയും, പുരുഷന്മാരെ നശിപ്പിക്കുകയും ചെയ്തു.

ദൂരദേശത്തിലേക്കു പോകുന്നവരുടെ ചിന്ത തങ്ങളും തങ്ങളുടെ അഭിലാഷങ്ങളും മാത്രമായിരിക്കും. "ഞാൻ ചെയ്യുന്നത് എന്റെ ഇഷ്ടമാണ്," എന്ന് അവർ വിചാരിക്കും. "അത് മറ്റാരെയും ബാധിക്കുകയില്ലല്ലോ." എന്നാൽ അത് മറ്റുള്ളവരെ ബാധിക്കുക തന്നെ ചെയ്യും. മുടിയനായ പുത്രൻ വീട്ടിൽ നിന്നു പോയപ്പോൾ, അവന്റെ അപ്പന്റെ ഹൃദയത്തെ വേദനിപ്പിച്ചുകൊണ്ടാണ് പോയത്. നിങ്ങൾ ദൂരെ ദേശത്തിലേക്കു പോകുമ്പോൾ, നിങ്ങൾ ചെയ്യുന്നതെല്ലാം സാഹസമായിരിക്കും. നിങ്ങൾ നിങ്ങളുടെ ആത്മാവിനെ മാത്രമല്ല സാഹസത്തിലാക്കുന്നത്; നിങ്ങളോടു അടുപ്പമുള്ളവരുടെ ആത്മാക്കളെയും നിങ്ങൾ സാഹസത്തിലാക്കും. ദാവീദിനെ പോലെ, നിങ്ങൾക്ക്, കുടുംബം ഉണ്ടെങ്കിൽ,

നിങ്ങൾ ആ കുടുംബത്തെയും സാഹസത്തിലാക്കും. പലരും ദൂരദേശത്തിലേക്കുള്ള യാത്ര ഒഴിവാക്കിയതിന്റെ കാരണം, അവസാനം, സത്യസന്ധമായി ഈ ചോദ്യം നേരിട്ടതുകൊണ്ടാണ്: "ഇത് എന്റെ കുടുംബത്തെയും സ്നേഹിതരെയും എങ്ങനെ ബാധിക്കും?"

ദൂരദേശത്തിലേക്കുള്ള യാത്ര എന്തെല്ലാം താല്ക്കാലികമായ ആശ്വാസം നിങ്ങൾക്കു നൽകിയാലും, അവസാനം ആ ആശ്വാസത്തിന് വലിയ വില കൊടുക്കേണ്ടി വരും. ശ്രേഷ്ഠമായ വഴിയുണ്ട് - അത് ദൈവത്തോട് കൂടെ ജീവിച്ചു പൂർണ്ണമായി അവനിൽ ആശ്രയം ശീലിക്കുക എന്നതാണ്.

### ദൈവത്തോടുള്ള പുനരേകീകരണം
### (1 ശമു. 30:6-31)

നമ്മുടെ ജീവിതത്തിൽ കുഴപ്പങ്ങൾ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നതിന്റെ കാരണം, നാം പുറം തിരിഞ്ഞ് കളയേണ്ടതിനല്ല, നമ്മെ മുട്ടിന്മേൽ നിർത്തേണ്ടതിനത്രേ. നാം മുട്ടിന്മേൽ നിന്നുശീലിച്ചാൽ, നമുക്ക് അവസാനം കാലിൽ നിൽക്കുവാൻ സാധിക്കും. ദാവീദിനു ചുറ്റും അറുന്നൂറുപേർ കയ്യിൽ കല്ലുമായി നിന്നപ്പോൾ, അവൻ അങ്ങേയറ്റത്തെ നിരാശയിലായിരുന്നപ്പോൾ, ദാവീദിന്റെ ഒന്നരവർഷക്കാല ജീവിതത്തിന്റെ രേഖയിൽ മുൻപു സൂചിപ്പിച്ചിട്ടില്ലാത്ത ഒരു കാര്യം നമുക്കു കാണാം: ദൈവനാമം. 30:6-ന്റെ അവസാനം, നാം വായിക്കുന്നു: "ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു." മുൻപ്, ദാവീദ് നിരുത്സാഹപ്പെട്ടിരുന്നപ്പോൾ, യോനാഥാൻ "അവനെ ദൈവത്തിൽ [അക്ഷരികമായി, അവന്റെ കരം ശക്തിപ്പെടുത്തി]" (23:16). ഇപ്പോൾ ദാവീദിന്റെയടുക്കൽ യോനാഥാൻ ഇല്ല,[26] എന്നാലവൻ സ്വയം തന്നിലേക്ക് ആണ്ടിറങ്ങുകയും ദൈവത്തിനുമാത്രം നല്കാവുന്ന ശക്തിയിൽ അഭയം തേടുകയും ചെയ്തു (എഫേസ്യർ 3:20).

ദാവീദ് ദൈവത്തിലേക്ക് തിരിഞ്ഞപ്പോൾ, കാര്യങ്ങൾ നേരെയാകുവാൻ തുടങ്ങി. അവനും അവന്റെ ആളുകളും മൃതശരീരങ്ങൾ ഒന്നും കണ്ടെത്താത്തതിനാൽ, അവന്റെ കുടുംബാംഗങ്ങൾ അപ്പോഴും ഒരുപക്ഷെ ജീവിച്ചിരിക്കുന്നുണ്ടാവാം.[27] അതിലുപരി, ദാവീദും അവന്റെ സൈന്യവും ഇപ്പോഴും ജീവിച്ചിരിക്കുന്നതുകൊണ്ട് അമാലേക്യരെ പിൻതുടരുവാൻ കഴിയും. അവർക്ക് അപ്പോഴും പ്രത്യാശ ഉണ്ടായിരുന്നു. ഫെലിസ്ത്യയിലേക്ക് അവൻ പോവുകയാണെങ്കിൽ അവൻ ചെയ്യുമായിരുന്നത് ദാവീദ് ഇപ്പോൾ ചെയ്തു: അവൻ "യഹോവയോട് ആലോചന ചോദിച്ചു" (30:7, 8). അവൻ ദൈവത്തോടു ചോദിച്ചത്, "ഞാൻ ഇപ്പരിഷയെ പിന്തുടരേണമോ? അവരെ എത്തിപ്പിടിക്കുമോ?" യഹോവ മറുപടിയായി, "പിന്തുടരുക, നീ അവരെ നിശ്ചയമായി എത്തിപ്പിടിക്കും, സകലവും വീണ്ടുകൊള്ളും" (30:8). ദാവീദിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന പ്രത്യാശ ഉറപ്പുള്ളതായി.

പാളയത്തിലുണ്ടായ ശത്രുതയെ പ്രതിരോധിക്കേണ്ടതിനുള്ള തികച്ചും ശരിയായ പ്രതിവിധി പ്രവർത്തിക്കുള്ള ആഹ്വാനമായിരുന്നു. കൈകളിൽ ഉണ്ടായിരുന്ന കല്ല് അവന്റെ ആളുകൾ താഴെയിട്ടുകൊണ്ട്, അവരുടെ ആയുധങ്ങൾ ഏന്തി, ദാവീദുമായി തെക്കോട്ടു പുറപ്പെട്ടു. എങ്ങനെയായാലും, ആ മനുഷ്യർ വാടി വരണ്ടിരുന്നു. അധികം കഴിയുന്നതിനു മുൻപ് ഇരുന്നൂറുപേർ വീണു പോയി. അപ്പോൾ എളുപ്പത്തിൽ ദാവീദിനു നിർത്താമായിരുന്നു. അവനും മറ്റുള്ളവരും ക്ഷീണിച്ച അവസ്ഥയിലായിരുന്നു. അവരുടെ സാധനങ്ങൾ

എല്ലാം മിക്കവാറും തീർന്നിരുന്നു.[28] അമാലേക്യർ എവിടെയാണെന്നുപോലും ദാവീദിനു അറിയില്ലായിരുന്നു; എന്നാൽ അവനു ദൈവത്തിലുള്ള വിശ്വാസം കാരണം, അവശേഷിച്ച നാനൂറു പേരെയും കൊണ്ട് അവൻ മുന്നോട്ടു നീങ്ങി.

അവന്റെ വിശ്വാസത്തിനു പ്രതിഫലം ലഭിച്ചു. അവർ ഒരു മിസ്രയിം അടിമയെ കണ്ടെത്തി, അവനെ തന്റെ അമാലേക്യ യജമാനനാൽ കൊല്ലപ്പെടുവാൻ ഉപേക്ഷിച്ചിരിക്കുകയാണ്. അവർ അവന് ഉണങ്ങിയ പഴവും വെള്ളവും കൊടുത്തു ശക്തിപ്പെടുത്തി. ദൈവകരുണയാൽ, ആ അടിമയ്ക്ക് അമാലേക്യർ തങ്ങളുടെ വിജയം ആഘോഷിക്കുവാൻ എവിടെയാണ് പോയതെന്ന് അറിയാമായിരുന്നു. അവൻ യിസ്രായേല്യരെ അവരുടെ അടുക്കൽ എത്തിച്ചു.[29]

തങ്ങൾ സുരക്ഷിതരാണെന്നു കരുതി, അമാലേക്യർ തങ്ങളുടെ സുരക്ഷിതത്വത്തെ കുറിച്ചു ബോധവാന്മാരായില്ല. രാത്രി മുഴുവൻ അവർ പാർട്ടി നടത്തി, തിന്നുകയും കുടിക്കുകയും ചെയ്ത് ആനന്ദിച്ചിരുന്നു. ദാവീദും അവന്റെ ആളുകളും പ്രഭാതം വരെ വിശ്രമിച്ചു.[30]പിന്നെ, ശത്രു കിടന്നു മയങ്ങിയപ്പോൾ, അവർ അവരെ ആക്രമിച്ചു. അമാലേക്യർക്ക് അവരെക്കാൾ അംഗബലം കൂടുതലുണ്ടായിരുന്നുവെങ്കിലും,[31] കുടുംബങ്ങളെ രക്ഷിക്കുവാൻ പുറപ്പെട്ട ദാഹാർത്തരും കൈപ്പുള്ളവരുമായ ദാവീദിനും അവന്റെ ആളുകൾക്കും അവർ ഇരയായി തീർന്നു. ദൈവം ദാവീദിനോടു പറഞ്ഞത് നീ ശത്രുവിനെ നിശ്ചയമായും ജയിച്ച് "സകലവും വീണ്ടുകൊള്ളും" എന്നായിരുന്നു – അങ്ങനെ തന്നെ അവൻ ചെയ്തു.

> അങ്ങനെ അമാലേക്യർ അപഹരിച്ചുകൊണ്ടു പോയിരു*ന്നതൊക്കെയും* ദാവീദ് വീണ്ടുകൊണ്ടു, തന്റെ രണ്ടു ഭാര്യമാരെയും ദാവീദ് ഉദ്ധരിച്ചു. അവർ അപഹരിച്ചുകൊണ്ടു പോയതിൽ, ചെറുതോ വലുതോ, പുത്രന്മാരോ പുത്രിമാരോ കൊള്ളയോ, യാതൊന്നും കിട്ടാതിരുന്നില്ല; ദാവീദ് എല്ലാം മടക്കിക്കൊണ്ടു പോന്നു (30:18, 19; എംഫസിസ് മൈൻ).[32]

ദാവീദിനെ കല്ലെറിയുവാൻ തുടങ്ങിയ ആളുകൾ ഇപ്പോൾ മറ്റൊരു പാട്ടു പാടുവാൻ തുടങ്ങി. അവർ അത് ദാവീദിന്റെ വിജയമായി കണ്ട് ഉറക്കെ പറഞ്ഞു, "ഇത് ദാവീദിന്റെ കൊള്ള" (30:20). എങ്ങനെയായാലും, ആ വിജയത്തിന്റെ ഉത്തരവാദിത്വം, ദൈവത്തിനായിരുന്നുവെന്ന് ദാവീദ് മനസ്സിലാക്കി. അവൻ പറഞ്ഞു "നമ്മെ രക്ഷിക്കയും നമ്മുടെ നേരെ വന്നിരുന്ന പരിഷയെ നമ്മുടെ കയ്യിൽ ഏൽപ്പിക്കയും ചെയ്ത *യഹോവ* നമുക്ക് തന്നിട്ടുള്ളതിനെക്കൊണ്ട്, നിങ്ങൾ ഇങ്ങനെ ചെയ്യരുത്" (30:23; എംഫസിസ് മൈൻ). യുദ്ധക്കളത്തിലേക്കു പോകുവാൻ കഴിയാതിരുന്ന ഇരുന്നൂറുപേരുമായും[33] യെഹൂദ്യയുടെ തെക്കുഭാഗത്തുള്ള പട്ടണങ്ങളുമായും അവൻ ആ ഔദാര്യം പങ്കുവച്ചു.[34]

ദാവീദിനു ആവശ്യമുള്ള സമയത്ത് ദൈവം അവിടെ ഉണ്ടായിരുന്നു. വീണ്ടും വീണ്ടും നാം കേൾക്കേണ്ടതായ ഒരു സത്യം ഇതാ: നമ്മുടെ ദൈവം രണ്ടാമത് അവസരം തരുന്ന ദൈവമാണ്. മുടിയനായ പുത്രന്റെ അപ്പൻ, തന്റെ മകനെ ഓടിച്ചെന്ന് ചുംബിച്ചതുപോലെ, ദൈവം വീണ്ടും ദാവീദിനെ സ്നേഹത്തോടെ പുണരുകയും കൈകളാൽ സംരക്ഷിക്കുകയും ചെയ്തു. അങ്ങനെ ദാവീദ് വീണ്ടും ആത്മീയമായി നേരായ പാതയിൽ എത്തി.

ദൈവത്തെ ഒരാൾക്ക് ആവശ്യമുള്ളപ്പോൾ മാത്രം കണക്കാക്കുകയും

അല്ലാത്തപ്പോൾ അവഗണിക്കുകയും ചെയ്യാം എന്ന രീതിയിലും, നാം അവ ങ്കലേക്ക് തിരിഞ്ഞാൽ, നമ്മെ യാന്ത്രികമായി അനുഗ്രഹിക്കുന്നവനാണ് ദൈവം എന്ന രീതിയിലും, ദൈവത്തെ ചിന്തിക്കുന്നതിനെ പ്രോത്സാഹിപ്പി ക്കുവാനല്ല ഞാൻ ഇതു പറഞ്ഞത്. അങ്ങനെയല്ല, ദൈവത്തെ ഉപേക്ഷിച്ചാൽ ഉണ്ടാകാവുന്ന അപകടത്തെ ബൈബിൾ വ്യക്തമായി മുന്നറിയിക്കുന്നുണ്ട് (എബ്രായർ 6:4-6; 10:23-31; മുതലായവ.). മറിച്ച്, ഞാൻ ഇത് പറഞ്ഞത് ദൂര ദേശത്തേക്കു പോയിഎന്നു സ്വയം തോന്നുകയും, താമസിച്ചുപോയതായും ഇനി പ്രത്യാശിക്കുവാൻ ഒന്നുമില്ല എന്നും കരുതുന്നവരെ പ്രോത്സാഹിപ്പി ക്കുവാനാണ്. ദൈവത്തിലേക്കും അവന്റെ ഭവനത്തിലേക്കും മടങ്ങി വരിക. "സുബോധത്തോടെ" വന്ന മുടിയനായ പുത്രനെ പോലെ (ലൂക്കൊസ് 15:17), നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ച തെറ്റുകൾ ഏറ്റുപറയുക, അതിൽ നിന്നു മാനസാന്തരപ്പെടുക (ലൂക്കൊസ് 15:17-19, 21), വീട്ടിലേക്കു വരികയും ചെയ്യു ക. നിങ്ങളെ സ്വീകരിപ്പാൻ ദൈവം തയ്യാറാണ്!

### വീട്ടിലേക്കു മടങ്ങി വരവ് (2 ശമുവേൽ 2:1-4)

മേച്ചിൽ പുറങ്ങളിൽ ആരുമല്ലാത്തവൻ എന്നതിനെ ദാവീദ് അതിജീവിച്ചു; ഗൊല്യാത്തിനെ കൊന്ന ശേഷമുള്ള അവന്റെ കീർത്തിയുള്ള നാളുകളെ അവൻ അതിജീവിച്ചു; അവൻ ഒരു അഭയാർത്ഥിയായി പത്തുവർഷത്തെ അതി ജീവിച്ചു. പ്രയാസമുള്ള രീതിയിൽ ആവശ്യമുള്ള പാഠങ്ങൾ അവൻ പഠിച്ചു. ആദരവോടെ അവൻ തന്റെ "പ്രയാസമേറിയ പാഠശാല" യിൽ നിന്നു പഠനം പൂർത്തിയാക്കിയിരുന്നു. ഇപ്പോൾ അവനു രാജാവായി തീരുവാനുള്ള സമയ മായി. അത് അവന് വീട്ടിലേക്കു തിരിച്ചുപോകുവാനുള്ള സമയമായിരുന്നു.

2 ശമുവേൽ തുടങ്ങുമ്പോൾ, ദാവീദും, അവന്റെ ആളുകളും, അവരുടെ കുടുംബാംഗങ്ങളും സിക്ലാഗിലേക്കു മടങ്ങി വരുന്നുണ്ട്.[35] രണ്ടു ദിവസത്തോളം അവർ അവിടെ ഉണ്ടായിരുന്നു, പുനർനിർമ്മാണത്തിനുള്ള പദ്ധതികൾക്കായി എന്തെങ്കിലും അവശേഷിക്കുന്നുണ്ടോ എന്നു നോക്കാൻ, അവർ ചരൽക്കല്ലു കൾ കുഴിച്ചുകൊണ്ടിരുന്നു. മൂന്നാം ദിവസം, ഒരു അമാലേക്യൻ[36] അവരുടെ പാളയത്തിലേക്ക് കയറിവന്നു. താൻ യുദ്ധക്കളത്തിൽ നിന്നാണ് വരുന്ന തെന്നും ശൗലും യോനാഥാനും മരിച്ചുപോയി എന്നും അവൻ പറഞ്ഞു.[37] ഇതുകേട്ട് ദാവീദും അവന്റെ ആളുകളും ഞെട്ടിപ്പോയി. ദാവീദ് ശൗലിനും യോനാഥാനും വേണ്ടി, "ശക്തനായവൻ എങ്ങനെ വീണു!"[38] എന്ന വിഷ യത്തെ കുറിച്ച് ഒരു വിലാപഗാനം എഴുതി.

ശൗലിന്റെ മരണം ദാവീദിനു രണ്ടു വഴികൾ തുറന്നു. ഒന്ന്, സ്വാത ന്ത്ര്യത്തിന്റെ വഴി അതു തുറന്നുകൊടുത്തു. ശൗലിന്റെ മരണത്തോടുകൂടി, ദാവീദിന് ഓടുന്നതു നിർത്തി തന്റെ ആളുകളിലേക്ക് മടങ്ങിപ്പോകുവാൻ കഴി യും. രണ്ട്, അത് രാജധാനിയിലേക്കുള്ള വഴി തുറന്നുകൊടുത്തു. ഇപ്പോൾ ദാവീദിനു രാജാവായി തീരാം. പഴയ ദാവീദ് പറഞ്ഞിരിക്കാം, "ഇത് സാധ്യമാ ക്കിയത് ദൈവം തന്നെ എന്നതിനു ഒരു സംശയവുമില്ല," പിന്നെ മടികൂടാതെ അവൻ വീട്ടിലേക്കു തിരിക്കുകയും ചെയ്തിരിക്കാം. ദൂരദേശത്തെ അതിജീ വിച്ച ദാവീദ് പറഞ്ഞു, "എന്നിൽ ദൈവത്തിന്റെ ഇഷ്ടം എന്തായിരിക്കുമെന്നു *തീർച്ച*യായും ഞാൻ പരിശോധിക്കട്ടെ." ഒരുപക്ഷെ അവൻ അഭയാർത്ഥി ആയി രുന്നകാലത്ത് പഠിച്ച ഏറ്റവും പ്രധാന പാഠമായിരിക്കാം ഇത്. അത് അവനെ ദൈവജനത്തിന്റെ നായകൻ ആകുവാൻ തയ്യാറാക്കി.

അനന്തരം ദാവീദ്, യഹോവയോടു ചോദിച്ചു, “ഞാൻ യെഹൂദ്യനഗരങ്ങളിൽ ഒന്നിലേക്കു ചെല്ലേണമോ?” യഹോവ അവനോടു കല്പിച്ചു, “ചെല്ലുക.” അപ്പോൾ ദാവീദ് ചോദിച്ചു, “ഞാൻ എവിടേക്കു ചെല്ലേണ്ടു?” അതിന്നു അവൻ പറഞ്ഞു, “ഹെബ്രോനിലേക്കു.” അങ്ങനെ ദാവീദ്, രണ്ടു ഭാര്യമാരുമായി അവിടേക്കു ചെന്നു, ... ദാവീദ് തന്നോടുകൂടെ ഉണ്ടായിരുന്ന ആളുകളെ ഒക്കെയും, കുടുംബസഹിതം കൂട്ടിക്കൊണ്ടുപോയി; അവർ ഹെബ്രോന്യപട്ടണങ്ങളിൽ പാർത്തു (2 ശമുവേൽ 2:1-3).

ദാവീദ് സമ്മാനങ്ങൾ അയച്ചുകൊടുത്ത പട്ടണങ്ങളിൽ ഒന്നായിരുന്നു ഹെബ്രോൻ (1 ശമുവേൽ 30:31), അവന്റെ ആദ്യത്തെ തലസ്ഥാനമായിതീരുന്നു ആ പട്ടണം. ദാവീദ് അവസാനം ദൂരദേശത്തുനിന്നു, സ്വന്തഭവനത്തിലേക്കു തിരിച്ചുവന്നു.

**ഉപസംഹാരം**

മുടിയനായ പുത്രൻ തിരിച്ചു അപ്പന്റെ വീട്ടിൽ വന്നപ്പോൾ അവനെ വീട്ടിൽ സ്വീകരിച്ചു. ദാവീദ് വീട്ടിലേക്കു മടങ്ങിവരികയും - ദൈവം അവനെ രാജാവാക്കുകയും ചെയ്തു (2 ശമുവേൽ 2:4). നിങ്ങൾ ദൂരദേശത്താണെങ്കിൽ, നിങ്ങൾക്ക് ഇന്നു തന്നെ തിരിച്ചു വീട്ടിലേക്കു മടങ്ങുവാൻ അവരുടെ മാതൃക പ്രചോദനമാകട്ടെ.

ദൂരദേശത്തു നിന്നു വീട്ടിലേക്കു മടങ്ങിവരുന്നതിനേക്കാൾ കൂടുതൽ നല്ലത് - ആദ്യം തന്നെ അവിടെ പോകാതിരിക്കലാണ്. ദൂരദേശത്തേക്കു പോകുവാൻ നിങ്ങൾ പരീക്ഷിക്കപ്പെടുകയാണെങ്കിൽ, മുടിയനായ പുത്രനും ദാവീദിനും സംഭവിച്ചതു മനസിലാകുമ്പോൾ നിങ്ങളെ അതു പുനഃപരിശോധിക്കുവാൻ ഇടയാക്കും എന്നു ഞാൻ കരുതുന്നു. അവർ തിരിച്ചുവന്നതുപോലെ എല്ലാവരും തിരിച്ചുവന്നിട്ടില്ല. ദൂരദേശത്തെ പ്രകൃതിദൃശ്യം മടങ്ങി വരാത്തവരുടെ ആത്മിയമൃതശരീരങ്ങളാൽ മൂടിക്കിടക്കുകയാണ്.

നിങ്ങൾ ദൂരദേശത്താണെങ്കിൽ, ദൈവവചനം നിങ്ങളോടു പറയുന്നതു “മാനസാന്തരപ്പെടുകയും പ്രാർത്ഥിക്കുകയും ചെയ്യുക; ദൈവത്തിന്റേയും അവന്റെ ആളുകളുടേയും അടുക്കലേക്കു മടങ്ങിവരികയും ചെയ്യുക” (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16). നിങ്ങൾക്കു കഴിയുമ്പോൾ തന്നെ അതു ചെയ്യുക! നേരെ മറിച്ച്, നിങ്ങൾ ദൂരദേശത്തേക്കു പോകുവാൻ തയ്യാറെടുക്കുകയാണെങ്കിൽ, നിങ്ങളുടെ പ്രവൃത്തികളുടെ അനന്തരഫലത്തെക്കുറിച്ചു, അല്പനേരം ഗൗരവമായി ചിന്തിക്കുക. പിന്നെ, പോകാതിരിക്കുക!

---

**പ്രസംഗ കുറിപ്പുകൾ**

ഈ പാഠ്യപദ്ധതിയിലുള്ള വിഷയത്തെ “ശത്രുദേശത്തു താമസിക്കൽ” എന്ന വിഷയത്തെക്കുറിച്ചു അത്യാവശ്യമായി പഠിപ്പിക്കുവാൻ വേണ്ടി ഉപയോഗിക്കാം. ദാവീദ് ശത്രുദേശത്തേക്കു പോയി; “ഈ ലോകത്തിന്റെ അധിപതി” ഉള്ള സ്ഥലത്താണ് നാം *ജനിച്ചു* വീണത് (2 കൊരിന്ത്യർ 4:4). “ഈ ലോകം നമ്മുടെ ഭവനമല്ല; നാം ഇതിലേ കടന്നുപോകുന്നവർ മാത്രമാണ്” എന്നു നാം തിരിച്ചറിയേണ്ടതുണ്ട് (എബ്രായർ 11:9, 10; 1 പത്രൊസ് 2:11; മുത

ലായവ.). നാം സാത്താനോടു "മരണത്തിനെതിരായി" പോരാടിക്കൊണ്ടിരിക്കുകയാണ് (ഒ.വാ. എഫെസ്യർ 6:11, 12). ദാവീദിന്റെ ജീവിതത്തിലെ ആ കാലയളവ് ശത്രുദേശത്ത് എങ്ങനെ ജീവിക്കാമെന്നു നമ്മെ പഠിപ്പിക്കുവാൻ സഹായകമാണ്: (1) ഒരിക്കലും അതിനെ സംശയിക്കരുത്; നാം ജീവിക്കുന്നത് *ന്നത്* ശത്രുദേശത്താണ്. (2) അതു പിന്തുണയുള്ള ഒരു കൂട്ടവുമായി നിങ്ങളെ സഹായിക്കുവാനുണ്ടാകും. (3) കാര്യങ്ങൾ മോശമാകുമ്പോൾപോലും, അതു ഏറ്റവും മോശമായിത്തീരും എന്നോർക്കണം. (4) പ്രശ്നങ്ങൾ വരും, എന്നാൽ നിങ്ങളുടെ ജീവിതത്തിനായി ദൈവത്തിന്റെ ഉദ്ദേശത്തിലും ദൈവത്തിലും ശ്രദ്ധ ചെലുത്തുക. (5) ഒരിക്കലും മറക്കരുത്: നല്ല ഒരുനാൾ വരുന്നു (ദാവീദിനു കിരീടധാരണമായിരുന്നു – നമുക്കു ലഭിക്കുവാൻ പോകുന്നതു ജീവകിരീടമാണ്)!

---

കുറിപ്പുകൾ

[1]ആദ്യം വിചാരിച്ചതുപോലെ ദാവീദിന്റെ ഫെലിസ്ത്യയിലെ താമസം അത്ര നീണ്ടുപോയില്ലെന്നു തോന്നുന്നു. 1 ശമുവേൽ 27:7–ന്റെ മൂലഭാഷ അക്ഷരികമായി അർത്ഥമാക്കുന്നത് "ഡേയ്സ് ആന്റ് ഫോർ മന്ത്സ്," എന്നതു ഒരുപക്ഷെ "ഒരു വർഷവും നാലു മാസവും" ആയിരിക്കാം, എന്നാൽ അതു നീണ്ട സമയത്തെയും സൂചിപ്പിക്കാം. കൂടാതെ, വാക്യം 7 ആ സംഭവം വരെ ദാവീദ് സിക്ലാഗിൽ ആയിരുന്ന സമയത്തെ ആയിരിക്കാം പറയുന്നത്, അല്ലെങ്കിൽ ദാവീദ് സിക്ലാഗിലേക്കു വരുന്നതിന് മുൻപ് ഗത്തിൽ ആയിരുന്ന സമയത്തെ ഉൾപ്പെടുത്താതെയുമിരിക്കാം അല്ലെങ്കിൽ ആ സംഭവം മുതൽ ശൗലിന്റെ മരണംവരെ ആയിരിക്കാം. എങ്ങനെയായാലും, നാം ഉപയോഗിക്കുന്നത്, എൻഎഎസ്ബി ആയതുകൊണ്ട്, ദാവീദ് ഫെലിസ്ത്യർക്കിടയിൽ താമസിച്ചത് പതിനാറു മാസം തന്നെ എന്ന് കണക്കാക്കാം. [2]പട്ടണങ്ങൾ യെഹൂദാ ഗോത്രനിവാസികളുടെ ഭാഗമായിരുന്നു (ഒ.വാ. യോശുവ 13:3). യെഹൂദയ്ക്ക് മൂന്നു പട്ടണങ്ങളും അവരുടെ ചില മലമ്പ്രദേശങ്ങളും പിടിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നു (ന്യായാധിപന്മാർ 1:18, 19), എന്നാൽ പട്ടണനിവാസികളെ ഓടിക്കുവാനോ ഫെലിസ്ത്യരുടെ സമതല പ്രദേശങ്ങൾ കൈവശമാക്കുവാനോ കഴിഞ്ഞില്ല (ന്യായാധിപന്മാർ 1:19). അധികം താമസിയാതെ ആ അഞ്ചു പട്ടണങ്ങൾ വീണ്ടും ഫെലിസ്ത്യരുടെ നിയന്ത്രണത്തിലായി (ന്യായാധിപന്മാർ 3:1 മുതൽ). [3]ഒ.വാ. 1 ശമുവേൽ 5:1, 2. നിയമപെട്ടകം അവരെ അധികം കുഴപ്പത്തിലാക്കി, എങ്ങനെയായാലും, ഫെലിസ്ത്യർ അതിനെ അവരുടെ ദേശത്തുനിന്ന് വേഗം നീക്കം ചെയ്തു (1 ശമുവേൽ 6). [4]ദാവീദിന് അവന്റെ അറുന്നൂറു ആളുകളെയും അവരുടെ കുടുംബങ്ങളെയും പോറ്റിപ്പുലർത്തേണ്ടതിന് നല്ല വഴി കണ്ടെത്തേണ്ടിയിരുന്നു എന്നും പറയുന്നു. ആ ഉത്തരവാദിത്വം ദാവീദിൽ സംഘർഷം ഉണ്ടാക്കുകയും, ഒരുപക്ഷെ അവനിൽ അത് ചിന്താഭാരം ഉണ്ടാക്കുകയും ചെയ്തിരിക്കാം. നമുക്ക് വെളിപ്പെടുത്തിയ ചിന്തകളിൽ, എങ്ങനെയായാലും, ദാവീദ് ശൗലിൽ നിന്ന് രക്ഷപ്പെടുന്നതിനെ കുറിച്ചു മാത്രമേ വിചാരപ്പെട്ടതായി പറയുന്നുള്ളൂ. [5]കെന്നത്ത് ബാർക്കർ, ജെൻ. എഡി., *ദ എൻഐവി സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1985), 415. [6]ദാവീദും ആഖീശും തമ്മിൽ കരാറുണ്ടാക്കിയിരുന്നു എന്നാണ് മിക്ക വ്യാഖ്യാതാക്കളും കരുതുന്നത്: ദാവീദ് തന്റെ ആക്രമണങ്ങളെ കുറിച്ചു ആഖീശിനെ വിവരം ധരിപ്പിക്കുക*യും* കൊള്ളമുതലിന്റെ പങ്ക് കൊടുക്കുക*യും* ചെയ്യുന്ന നാൾ വരെ അവനു സിക്ലാഗിൽ താമസിക്കാമായിരുന്നു. [7]അത് അലൗകികമായതിനെ അഭ്യർത്ഥിക്കുന്നതായി അവകാശപ്പെടാത്ത സ്വാഭാവികമായുള്ള "ഫൺ മാജിക്" ആയിരുന്നു. [8]"മോശമായ സമയത്ത്

ജീവിക്കുന്നതെങ്ങനെ" എന്നതിനെ കുറിച്ചു *പ്രമുഖരായ ആളുകൾ 1-ൽ* കൊടുത്തിരിക്കുന്ന പാഠം നോക്കുക. [9]ദാവീദ് എവിടെ ആക്രമിക്കുവാൻ പോയിരുന്നു എന്നത് ആഖീശ് അറിയരുത് എന്നതായിരുന്നു പ്രാഥമികമായ ഉദ്ദേശം എന്നു കാണാം (നോക്കുക 1 ശമുവേൽ 27:11). [10]ലേഖകൻ ഒരു വ്യാഖ്യാനം കൂടെ കൂട്ടിച്ചേർക്കുന്നുണ്ട്, "അതു കൊണ്ട് സിക്ലാഗ് ഇതുവരെയും യെഹൂദാ രാജാക്കന്മാർക്കുള്ളതായിരിക്കുന്നു" (1 ശമുവേൽ 27:6). ഇത് മൂലഭാഷാ വേദഭാഗത്ത് ഉള്ളതാണെങ്കിൽ, ഈ പുസ്തകത്തിലെ ഈ ഭാഗം കുറച്ചു വർഷങ്ങൾക്കുശേഷം രൂപപ്പെടുത്തിയതാവാം.

[11]യിസ്രായേലിനും ഫെലിസ്ത്യക്കും ഇടയ്ക്കുള്ള മലമ്പ്രദേശ ടൗണിന്റെ അതിർത്തിയിലായിരുന്നു സിക്ലാഗ്. അത് ആരംഭത്തിൽ ശിമയോൻ ഗോത്രത്തിന് ഏൽപ്പിച്ചതായിരുന്നു (യോശുവ 19:5), എന്നാൽ പിന്നീട് അത് യെഹൂദ്യയുടെ ഭാഗമായി തീർന്നു (യോശുവ 15:31). ഫെലിസ്ത്യർ അത് യെഹൂദ്യയിൽ നിന്ന് പിടിച്ചെടുത്തു. സ്ഥാന നിർണ്ണയം നമുക്ക് തീർച്ചയില്ല. [12]നോക്കുക യോശുവ 13:2. യോർദ്ദാന്റെ കിഴക്ക്, ഉത്തര കനാനിൽ താമസിച്ചിരുന്ന ഗെശൂര്യർ അല്ല എന്ന് ഓർക്കുക (2 ശമുവേൽ 15:8). [13]1 ശമുവേൽ 30-ൽ പറഞ്ഞിരിക്കുന്ന ആക്രമണത്തിന്റെ വിശദാംശങ്ങളും തിരുവെഴുത്തിലെ തുടർന്നുള്ള അമാലേക്യരുടെ കാര്യങ്ങളും സൂചിപ്പിക്കുന്നത് ഇത് സത്യമാണെന്ന് വ്യക്തമാണെന്നാണ്. രാജാവിനെ ഒഴിച്ച് അമാലേക്യരെ ഒക്കെയും ശൗൽ കൊന്നുവെങ്കിൽ പിന്നെ അസംഖ്യം പേർ എവിടെനിന്നു വന്നു? (1 ശമുവേൽ 15:7-9)? സ്പഷ്ടമായും, "ശൂർ" വരെ മാത്രമെ ശൗൽ കൊന്നിരുന്നുള്ളൂ (1 ശമുവേൽ 15:7). ഒരുപക്ഷെ ആ ആളുകളിൽ ഒരു ഭാഗത്തെ കുറിച്ചു മാത്രമേ ശൗലിന് ദൈവത്തിന്റെ കല്പന ലഭിച്ചിരുന്നുള്ളൂ എന്നു കരുതാം. [14]പുറപ്പാടു മുതൽ യിസ്രായേലിന്റെ ശത്രുക്കളായിരുന്നു അമാലേക്യർ (പുറപ്പാട് 17:8-16) അത് യഹിസ്കിയാവിന്റെ വാഴ്ച്ച വരെ ആയിരുന്നു (ഒ.വാ. 1 ദിനവൃത്താന്തം 4:41, 43). [15]ആ സ്ഥലം അന്നും (ഇന്നും) ദേശത്തിന്റെ തെക്കുഭാഗത്തായിരുന്നു എന്നതിനാൽ, "നിഗേവ്" എന്നതിന്റെ അർത്ഥം "റ്റു ദ സൗത്ത്" എന്നും ചിലപ്പോൾ "സൗത്ത്" എന്നും അർത്ഥമാക്കുന്നുണ്ട്. [16]യിസ്രായേല്യരെ പറഞ്ഞിരുന്ന ഒരു വാക്കാണ് "ഹീബ്രൂസ്." ആ വാക്കിന്റെ യഥാർത്ഥ അർത്ഥത്തിൽ തർക്കമുണ്ട്. ഫെലിസ്ത്യർ, അതു ഒരു പക്ഷെ പരിഹാസ പദമായിട്ടായിരിക്കാം പറഞ്ഞിരുന്നത്. യിസ്രായേല്യർക്ക് "യിസ്രായേല്യർ" എന്നു വിളിക്കുന്നതാണ് ഇഷ്ടം, അത് ദൈവവും അവരും തമ്മിലുള്ള ഉടമ്പടിയെ ഓർപ്പിക്കുന്നതുമാണ്. എങ്ങനെയായാലും, അവർ സംസാരിച്ച ഭാഷയെ "എബ്രായ" ഭാഷ എന്നാണ് വിളിച്ചിരുന്നത്. [17]മൂലവേദ ഭാഗത്തിൽ ദ്വയാർത്ഥം വരുന്ന രീതിയിലാണ് "ദിവസങ്ങളും വർഷങ്ങളും," എന്നത് ഉപയോഗിച്ചിരിക്കുന്നത്. അത് അനേകം വർഷങ്ങളെ അല്ലെങ്കിൽ "ഒന്നിലധികം വർഷത്തെ" സൂചിപ്പിക്കാം, അത് "ഇയർ ആന്റ് ഫോർ മന്ത്സ്" എന്ന് 1 ശമുവേൽ 27:7-ന്റെ എൻഎഎസ്ബി തർജ്ജിമയിൽ പറഞ്ഞതുമായും യോജിക്കുന്നു. എൻഐവിയിൽ "ഫോർ ഓവർ ഏ ഇയർ" എന്നും; എൻ ഇബി യിൽ "ഫോർ എ ഇയർ ഓർ മോർ" എന്നുമാണ്. [18]പത്തോ അതിലധികമോ വർഷങ്ങൾക്കു മുൻപുള്ള പാട്ട് അവർ അപ്പോഴും ഓർമ്മിച്ചിരുന്നു: "ദാവീദോ പതിനായിരത്തെ [കൊന്നു]" (1 ശമുവേൽ 29:5). മുൻപൊരിക്കൽ, ഫെലിസ്ത്യസൈന്യത്തിലെ യിസ്രായേലുകാർ യുദ്ധക്കളത്തിൽ അവർക്കെതിരായി തിരിഞ്ഞിരുന്നു (1 ശമുവേൽ 14:21); അതു വീണ്ടും സംഭവിക്കുവാൻ അവർ ആഗ്രഹിച്ചില്ല. അവർ വിചാരിച്ചത് ദാവീദ് യുദ്ധത്തിൽ ശൗലിനോട് ദയവു കാണിക്കേണ്ടതിന് അവന്റെ വശത്തേക്ക് തിരിഞ്ഞേക്കാമെന്നാണ്. [19]ആഖീശ് അതിശയിപ്പിക്കുന്ന പദ പ്രയോഗത്തോടെയാണ് തന്റെ വാക്കുകൾ തുടങ്ങിയത്: "യഹോവയാണെ. ..." (1 ശമുവേൽ 29:6). "കർത്താവ്" എന്നിവിടെ പറഞ്ഞിരിക്കുന്നത് "യാഹ്‌വേ" അല്ലെങ്കിൽ "യഹോവ" എന്നതിനാണ്, അത് ദൈവത്തിന്റെ വിശുദ്ധ നാമമാണ്. ആദ്യം ദാവീദിന്റെ ദൈവത്തെ

സൂചിപ്പിച്ചുകൊണ്ട് ആഖീശ് അവനോടു മൃദുവായി സംസാരിക്കുവാൻ ശ്രമിക്കുകയായിരുന്നു. [20]"നിന്നോടുകൂടെ വന്നിരിക്കുന്ന നിന്റെ യജമാനന്റെ ഭൃത്യന്മാർ" എന്നതിനെ കുറിച്ചു സംസാരിക്കുമ്പോൾ 1 ശമുവേൽ 29:10-ൽ അതുപോലെയുള്ള ദ്വയാർത്ഥ പ്രയോഗം ആഖീശ് ഉപയോഗിക്കുന്നുണ്ട്. അത് അവൻ തന്നെത്താൻ "ലോർഡ്" എന്നു പയോഗിക്കുകയായിരുന്നോ? ദാവീദ് സിക്ലാഗിൽ ആയിരുന്നപ്പോൾ അവനോടുചേർന്നിരുന്ന യിസ്രായേല്യരെ കുറിച്ചാണ് സൂചിപ്പിച്ചതെന്ന് ചിലർ കരുതുന്നു (1 ദിനവൃത്താന്തം 12:19-21), അവർ ശൗലിന്റെ ഭൃത്യന്മാരായിരുന്നു.

[21]ഒന്ന് ശമുവേൽ 29:11 പറയുന്നത് "ഫെലിസ്ത്യർ യെസ്രീലേക്കു പോയി" എന്നാണ്. അവിടെയായിരുന്നു യിസ്രായേൽ പാളയമടിച്ചിരുന്നത് (29:1). സ്പഷ്ടമായും, യിസ്രായേല്യർ ഗിൽബോവ പർവ്വതത്തിലേക്ക് നീങ്ങിയിരുന്നു (1 ശമുവേൽ 31:1), അവിടെ വച്ചായിരുന്നു ശൗലും യോനാഥാനും മരിച്ചത് (കൂടാതെ നോക്കുക 2 ശമുവേൽ 1:21). [22]"ദൈവത്തിന്റെ ദൂതൻ [അല്ലെങ്കിൽ സന്ദേശവാഹകൻ]" എന്നതുമായാണ് ആഖീശ് ദാവീദിനെ താരതമ്യം ചെയ്തത് (1 ശമുവേൽ 29:9), എല്ലാ വിധത്തിലും ദാവീദ് കുറ്റക്കാരനല്ല എന്നു വിശ്വസിക്കുന്നുവെന്നും ഊന്നി പറയുകയാണ്. [23]1 ശമുവേൽ 30:14, 16, 24. ക്രേത്യർ (ക്രേത്ത ദ്വീപിൽ നിന്നുള്ളവർ) ഫെലിസ്ത്യരോടു സഖ്യത പുലർത്തിയിരുന്നു (യെഹസ്ക്കേൽ 25:16; സെഫന്യാവു 2:5; മുതലായവ.). "ദ നിഗേവ് ഓഫ് കാലേബ്" എന്നത് ഹെബ്രോന്റെ തെക്കു ഭാഗം ആയിരിക്കാം. [24]നാം ഉപയോഗിക്കുന്ന വണ്ണമുള്ള, ലേസി പിഗ്സ് അല്ലായിരുന്നു അത്. കനം കുറഞ്ഞ, നിന്ദ്യമായ ഒരു മനുഷ്യന്റെ കൈ വലിച്ചുകീറുന്നതായ വലിയ തിമിംഗലത്തെ ചിന്തിക്കുക. [25]ഒന്ന് ദിനവൃത്താന്തം 12:1, 2, 20 പ്രത്യേകിച്ച് പറയുന്നത് ദാവീദ് സിക്ലാഗിൽ ആയിരുന്നപ്പോൾ ബെന്യാമീൻ ഗോത്രത്തിലും മനേശാ ഗോത്രത്തിലും നിന്ന് ചിലർ വന്നിരുന്നു എന്നാണ്. അതേ അദ്ധ്യായത്തിന്റെ വാക്യം 22 പറയുന്നു, "ദൈവത്തിന്റെ വലിയ സൈന്യമായി തീരുന്നതുവരെ, ദിവസം തോറും സഹായിക്കുന്നതിന് ആളുകൾ ദാവീദിന്റെ അടുക്കൽ വന്നുകൊണ്ടിരുന്നു." [26]യോനാഥാൻ തന്റെ ജീവനുവേണ്ടി യുദ്ധക്കളത്തിൽ, പോരാടിക്കൊണ്ടിരുന്നു. [27]1 ശമുവേൽ 30:2-ൽ നാം വായിക്കുന്നത്, എല്ലാവരേയും കൊന്ന ദാവീദിൽ നിന്നു വ്യത്യസ്തമായി, അമാലേക്യർ ദാവീദിന്റെയും അവന്റെ ആളുകളുടേയും കുടുംബങ്ങളെ "ആരേയും *കൊല്ലാതെ*" യാണ് എടുത്തത്. അമാലേക്യർ അങ്ങനെ ചെയ്തത് ഒരുപക്ഷെ സ്ത്രീകളെ മാനഭംഗപ്പെടുത്തേണ്ടതിന് ആയിരുന്നേക്കാം, പിന്നെ സ്ത്രീകളെയും കുട്ടികളെയും മിസ്രയീമ്യർക്ക് അടിമകളായി വിൽക്കുകയും ആകാം, എന്നാൽ *ദൈവം* അവരുടെ ജീവിതത്തെ പരിരക്ഷിച്ചു എന്നാണ് വേദഭാഗം സൂചിപ്പിക്കുന്നത്. [28]അവർക്ക് ഉപയോഗിക്കത്തക്ക സാധനങ്ങൾ ഒന്നും സിക്ലാഗിൽ ശേഷിച്ചിരുന്നില്ല. [29]അത് ദാവീദ് അവനെ സംരക്ഷിക്കുമെന്നു പറഞ്ഞശേഷമായിരുന്നു. [30]1 ശമുവേൽ 30:17-ൽ ഉള്ള എബ്രായ വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "റ്റ്വി ലൈറ്റ്" എന്നതിന്റെ അർത്ഥം "ഡാൺ" അല്ലെങ്കിൽ "ഡസ്ക്" എന്നാകാം. യെഹൂദ ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമയം മുതൽ ആയതുകൊണ്ട്, ദാവീദ് പ്രഭാതം മുതൽ പ്രദോഷത്തിനുശേഷവും യുദ്ധം ചെയ്തിരിക്കാം, അത് "അടുത്ത ദിവസം" ആയും വരാം.

[31]ആയിരക്കണക്കിനു സൈന്യങ്ങൾ എന്നു പറയുമ്പോൾ അർത്ഥമാക്കുന്ന വസ്തുത (1) അറുനൂറുപേരുടെ ഭാര്യമാരെയും മക്കളേയും നിയന്ത്രിക്കുവാൻ അവർക്കു കഴിയുമായിരുന്നു, (2) അവർ "ദേശം മുഴുവൻ വ്യാപിച്ചിരുന്നു" (1 ശമുവേൽ 30:16), (3) രക്ഷപെട്ട നാന്നൂറുപേർ (1 ശമുവേൽ 30:17) അവരുടെ മൊത്തം സംഖ്യയുടെ ഒരു ഭാഗം മാത്രമേയുള്ളൂ എന്നാണ് സൂചിപ്പിക്കുന്നത്. [32]യിസ്രായേൽ ദേശത്തിനു ചുറ്റുമുള്ള ദേശത്തിന്മേലുള്ള ദാവീദിന്റെ ആദ്യത്തെ വലിയ വിജയമായിരുന്നു

അത്. നമ്മുടെ പഠനങ്ങളിൽ കാണുന്നതുപോലെ, ക്രമേണ ദാവീദ് ആ എല്ലാ ദേശങ്ങളെയും കീഴടക്കി. [33]സംഖ്യാപുസ്തകം 31:27-ൽ കല്പിച്ചതനുസരിച്ച് കൊള്ള മുതൽ പിന്നിലായിരുന്നവർക്കും പങ്കിടേണ്ടതായിരുന്നെങ്കിലും (കൂടാതെ നോക്കുക യോശുവ 22:8), ഇരുന്നൂറു പേരെ പുനരേകീകരിക്കേണ്ടതിൽ അവരുടെ കുടുംബങ്ങളെ മാത്രമായി ദാവീദിന്റെ സൈന്യത്തിലെ ചിലർ കണക്കാക്കി. ദാവീദ് ന്യായപ്രമാണം വീണ്ടും പറയുകയും ഭരമേല്പിക്കുകയും ചെയ്തു, അങ്ങനെ അത് "ചട്ടങ്ങളും വിധികളും" അനുസരിച്ചാക്കുകയും ചെയ്തു (ഒ.വാ. 1 ശമുവേൽ 30:25). കർത്താവിന്റെ നാമം നിമിത്തം എന്തെങ്കിലും കുറച്ചു ചെയ്താൽ മതി എന്നു കരുതുന്നവരെ വലുതായി ഉത്തേജിപ്പിക്കുന്ന ഒരു വേദഭാഗം 30:24-ൽ നാം കാണുന്നു. [34]1 ശമുവേൽ 30:26-31 ൽ പ്രതിപാദിച്ച സ്ഥലങ്ങളിൽ ചിലത് ഇന്നു കാണാം; ചിലത് കാണാൻ സാധ്യമല്ല. കാണപ്പെടുന്ന പേരുകളിൽ "ദാവീദും അവന്റെ ആളുകളും പോയിരുന്ന എല്ലാ സ്ഥലങ്ങളും" എന്നു ചേർക്കേണ്ടതാണ് (വാ. 31), അതായത്, ദാവീദ് ഓടിയിരുന്ന വർഷങ്ങളിൽ സഞ്ചരിച്ചതായി പറയുന്ന എല്ലാ സ്ഥലങ്ങളും. ആ സമ്മാനങ്ങൾ അയച്ചതുകൊണ്ട്, ദാവീദ് പലതും നേടി: തന്നെ പത്തുവർഷം സംരക്ഷിച്ചവരോട് അവൻ "നന്ദി" പറഞ്ഞു. അവൻ ധാരാളം പേരോടു ബന്ധം പുനസ്ഥാപിച്ചിരുന്നു. അവരുടെ ശത്രുക്കൾ "യെഹോവയുടെ ശത്രുക്കൾ" എന്ന് അവൻ ഉറപ്പിച്ചിരുന്നു (വാ. 26), അതിൽ, അവന്റെ ശത്രുക്കളും എന്നും സൂചിപ്പിച്ചിരുന്നു. ഇവയെല്ലാം ദാവീദിനെ സിംഹാസനത്തിലേക്കു കൊണ്ടു വരുവാനുള്ള ദൈവത്തിന്റെ പദ്ധതിയായിരുന്നു. [35]ആരംഭത്തിൽ, 1-ഉം 2-ഉം ശമുവേൽ ഒറ്റ പുസ്തകമായിരുന്നു. 2 ശമുവേലിന്റെ പുസ്തകത്തിൽ ദാവീദിന്റെ സംഭവം തുടരുന്നുണ്ട്. [36]അമാലേക്യർ വടക്കു നിന്നു വന്നതുകൊണ്ട്, ദാവീദ് അടുത്തയിട നടത്തിയ യുദ്ധത്തെ കുറിച്ച് അവനറിയില്ലായിരുന്നു. [37]രാജാവു മുറിവേറ്റ ശേഷം അവന്റെ ആവശ്യമനുസരിച്ചാണ് ശൗലിനെ കൊന്നതെന്ന് അമാലേക്യൻ അവകാശപ്പെട്ടിരുന്നു. ഒന്ന് ശമുവേൽ 31:4 പറയുന്നതു, എങ്ങനെയായാലും, ശൗൽ ആത്മഹത്യ ചെയ്തു എന്നാണ്. അമാലേക്യൻ ദാവീദിൽ നിന്ന് പ്രതിഫലം ഇച്ഛിച്ചുകൊണ്ട്, ഒരുപക്ഷെ കള്ളം പറഞ്ഞതാകാം. അവൻ ശൗൽ മരിച്ചശേഷം വൃത്തിയാക്കുവാൻ വന്നവനും ശൗലിന്റെ കിരീടവും വളയും മോഷ്ടിച്ചവനുമായിരുന്നേക്കാം. "യെഹോവയുടെ അഭിഷിക്തനെ കൊന്നതുകൊണ്ട്" ദാവീദ് അവനെ കൊല്ലുവാൻ കല്പിച്ചു, അങ്ങനെ അമാലേക്യന്റെ നുണയ്ക്ക് പ്രതിഫലം ലഭിക്കുന്നതിനു പകരം മരണം ലഭിച്ചു. [38]*പ്രമുഖരായ ആളുകൾ 1* എന്നതിൽ ഉള്ള "യോനാഥാൻ: ആവശ്യത്തിൽ ഒരു സ്നേഹിതൻ" എന്നതും "ഹൃദയം പ്രതികാരത്തിനായി നിലവിളിക്കുമ്പോൾ" എന്നതും നോക്കുക.